കേരള ഗവർണ്ണർ

# റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം

2016 ഫെബ്രുവരി 5–ാം തീയതി

## കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,
എല്ലാവർക്കും എന്റെ നമസ്കാരം.

1. കേരള നിയമസഭയുടെ 2016-ലെ പ്രഥമ സമ്മേളനത്തിലേക്ക് നിങ്ങളേവരേയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ഇത്, എന്റെ സർക്കാരിന്റെ കാലാവധി വിജയകരമായി പൂർത്തിയാകുന്ന സമാപന സമ്മേളനമായിരിക്കെ, വരും കാലങ്ങളിലും സംസ്ഥാനത്ത് പുരോഗമനാത്മക പ്രതിഫലനങ്ങൾ ഉളവാക്കുന്ന എന്റെ സർക്കാരിന്റെ സുപ്രധാന നേട്ടങ്ങൾ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത് ഒരു മഹത്തായ ബഹുമതിയായി ഞാൻ കണക്കാക്കുന്നു.

2. മാനവസമൂഹത്തിന് വിലപ്പെട്ടതെല്ലാം വികസനത്തിനായി ഒരു വ്യക്തിയ്ക്ക് നൽകുന്ന അവസരത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് ആൽബർട്ട് ഐൻസ്റ്റീൻ ഒരിക്കൽ പറയുകയുണ്ടായി. ആ ചൊല്ലിനെ അന്വർത്ഥമാക്കുംവിധം, അവസരങ്ങളുടെ ഒരു സുവർണ്ണ കാലഘട്ടം, സ്വപ്നങ്ങൾ യാഥാർത്ഥ്യമായ ഒരു കാലഘട്ടം, കേരളത്തെ ദ്രുതഗതിയിലുള്ള വളർച്ചയുടെയും വികസനത്തിന്റെയും പാതയിലേക്ക് കൊണ്ടുപോയ ഒരു കാലഘട്ടം, കേരള ജനതയുടെ സമഗ്രവികസനത്തിന് ഭാവിയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്ന നിരവധി വാതായനങ്ങൾ തുറന്നു നൽകിയ ഒരു കാലഘട്ടം, അതായിരുന്നു എന്റെ സർക്കാരിന്റെ കഴിഞ്ഞ

5 വർഷങ്ങൾ എന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. "കരുതലോടെയുള്ള വികസനം" എന്നതായിരിക്കും സർക്കാരിന്റെ ലക്ഷ്യം എന്നു ഞങ്ങൾ പ്രഖ്യാപിച്ച ആദ്യദിനം മുതൽ, യഥാർത്ഥത്തിൽ ഇതാണ് സർക്കാരിന്റെ കാഴ്ചപ്പാടായിരുന്നതും ഞങ്ങളുടെ ഭരണകാലത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഞങ്ങൾക്ക് മാർഗ്ഗദർശിയായിരുന്നതും.

3. കേരളത്തിന്റെ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ പദ്ധതികളിൽ ചിലത് യാഥാർത്ഥ്യമാക്കുന്നത് എന്റെ സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട് എന്ന് അഭിമാനത്തോടെ പറയാൻ കഴിയും. അവയിൽ ആദ്യത്തേത്, ആലുവ മുതൽ പേട്ട വരെയുള്ള 5181 കോടി രൂപയുടെ കൊച്ചി മെട്രോ റെയിൽ പദ്ധതിയായിരിക്കുന്നതും, അതിന്റെ ആദ്യഘട്ടം 2016 ജൂണോടെ തീരുന്നതുമാണ്. പരീക്ഷണഓട്ടം 2016 ജനുവരി 23-ന് വിജയകരമായി പൂർത്തിയാക്കി. 2017-ൽ 4.12 ലക്ഷം ജനങ്ങൾക്കും 2021-ൽ 5.19 ലക്ഷം ജനങ്ങൾക്കും 2031-ൽ 7.57 ലക്ഷം ജനങ്ങൾക്കും സേവനം പ്രദാനം ചെയ്യാൻ പോകുന്ന ഈ പദ്ധതി പരിസ്ഥിതി സൗഹൃദവും പൊതുജന സൗഹൃദവുമായ ഗതാഗതം ഉറപ്പാക്കുന്നതാണ്. കൊച്ചി കൊണ്ട് അവസാനിപ്പിക്കാതെ, കോഴിക്കോടും തിരുവനന്തപുരത്തും 6728 കോടി രൂപ മതിപ്പുതുക വരുന്ന നിർദ്ദിഷ്ട ലൈറ്റ് മെട്രോ റെയിൽ പദ്ധതികൾക്കുവേണ്ടിയും ഡി. എം. ആർ. സി.-യുമായി എന്റെ സർക്കാർ ഒരു കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെ ജോലി 70%-ഉം ടെർമിനൽ കെട്ടിടത്തിന്റെ 55%-ഉം പൂർത്തിയായിട്ടുണ്ട്. പരീക്ഷണാർത്ഥമുള്ള ലാൻഡിംഗ് ഈ മാസം നടക്കുമെന്ന് ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ

എനിക്ക് അതിയായ സന്തോഷമുണ്ട്. 2016 സെപ്തംബറിൽ അത് വാണിജ്യപരമായി പ്രവർത്തനക്ഷമമാകുമ്പോൾ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ള രാജ്യത്തെ ഒരേയൊരു സംസ്ഥാനമെന്ന നിലയിൽ കേരളത്തെ അഭിമാനപൂരിതമാക്കിത്തീർക്കുന്നതാണ്.

5. 1.65 ലക്ഷം ചതുരശ്ര അടി കെട്ടിട നിർമ്മാണ ജോലികൾ പൂർത്തിയാകുന്നതോടുകൂടി 246 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന കൊച്ചി സ്മാർട്ട് സിറ്റിയുടെ ഒന്നാം ഘട്ടം 2016 ഫെബ്രുവരി 20-ന് ഉദ്ഘാടനം ചെയ്യുവാൻ പോവുകയാണ്. സ്മാർട്ട് സിറ്റി, അതിന്റെ ആദ്യ ഐ. റ്റി. കെട്ടിടമായ എസ്.സി.കെ 01-ൽ ഏകദേശം 5,500 വിജ്ഞാനാധിഷ്ഠിത പ്രൊഫഷണലുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ പോവുകയാണ്. ആദ്യഘട്ടത്തിന്റെ നിക്ഷേപമായ ഏകദേശം 300 കോടി രൂപ കൊച്ചി സ്മാർട്ട് സിറ്റിയുടെ വാട്ടർ ഫ്രണ്ട് ഐ. റ്റി. കെട്ടിടമായ എസ്.സി.കെ. 01 -നും 3.5 കി. മീ. റോഡ്, പാലം, സബ്സ്റ്റേഷൻ മുതലായവ ഉൾപ്പെടുന്ന അടിസ്ഥാനസൗകര്യ സഹായങ്ങൾക്കുമായി വിഭജിക്കുന്നു. 47 ലക്ഷം ചതുരശ്രഅടി കെട്ടിട വിസ്തൃതിയുള്ള 7 ഐ. റ്റി. കെട്ടിടങ്ങളും 3400 വിദ്യാർത്ഥികൾക്കുള്ള അന്താരാഷ്ട്ര വിദ്യാലയവും ഉൾപ്പെടുന്ന രണ്ടാം ഘട്ടം പൂർത്തിയാകുമ്പോൾ ആകെ 1900 കോടി രൂപയുടെ മുതൽമുടക്ക് വേണ്ടിവരുന്നതാണ്. രണ്ടാം ഘട്ടം കൂടുതലായി 90,000 പേർക്ക് നേരിട്ടുള്ള തൊഴിലുകൾ സൃഷ്ടിക്കുന്നതും അതുവഴി കേരളത്തിന്റെ ഐ. റ്റി. മുഖച്ഛായ മാറ്റാൻ പോകുന്നതുമാണ്.

6. എന്റെ സർക്കാരിന്റെ ദർശനാധിഷ്ഠിത സമീപനം 2015-ൽ ഇന്ത്യയിലെതന്നെ ആദ്യത്തെ സ്റ്റാർട്ട് അപ്പ്

പോളിസിയായ കേരള ടെക്നോളജി സ്റ്റാർട്ട് അപ്പ് പോളിസിയുടെ പ്രഖ്യാപനത്തിലേക്ക് നയിക്കുകയുണ്ടായി. ഇത് നമ്മുടെ സ്റ്റാർട്ടപ്പുകൾക്ക് വിജയിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിൽ ഗണ്യമായ ആക്കം കൂട്ടിയിട്ടുണ്ട്. കൊച്ചിയിലെ സ്റ്റാർട്ട് അപ്പ് വില്ലേജിൽ നാളിതുവരെ 405 സ്റ്റാർട്ടപ്പുകൾ ഇൻക്യുബേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ വിജയഗാഥ രാജ്യം മുഴുവൻ പിന്തുടർന്നു വരുന്ന മഹത്തായ ഒരു മാതൃകയായി തീർന്നിട്ടുണ്ട്. യുവസംരംഭകരായിത്തീരുന്നതിന് നൂതന വ്യാവസായിക സംരംഭങ്ങളിലൂടെ യുവജനങ്ങൾക്ക് സഹായം നൽകുന്നതിനായി 'യുവ സംരംഭകത്വ സംഗമവും' വനിതാ സംരംഭകർക്കായി ഇന്ത്യയിൽ ആദ്യമായി 'വി മിഷൻ സംഗമവും' നടത്തുകയുണ്ടായി. പ്രാരംഭ മൂലധനം സ്വരൂപിക്കുന്നതിനായി 'എയ്ഞ്ചൽ ഫണ്ടും' യുവസംരംഭകർക്ക് അധിക സഹായം നൽകുന്നതിനായി സീഡ് ഫണ്ടും രൂപീകരിക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ ബിസിനസ്സ് ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് കോളേജുകളിൽ ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന സംരംഭക വികസന മിഷൻ രൂപീകരിക്കുകയുണ്ടായി.

7. എന്റെ സർക്കാർ കൈവരിച്ചിട്ടുള്ള പ്രഥമ സ്ഥാനങ്ങളുടെ പട്ടികയോടുചേർത്തുകൊണ്ട്, കേരളം ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായിത്തീർന്നിട്ടുണ്ട് എന്നു പറയുന്നതിൽ ഞാൻ ഒരിക്കൽ കൂടി അഭിമാനം കൊള്ളുന്നു. 100 ശതമാനം മൊബൈൽ സാന്ദ്രതയും, 75 ശതമാനം ഇ-സാക്ഷരതയും ഏറ്റവും ഉയർന്നതായ 99% വരെയുള്ള ആധാർ പേരുചേർക്കലും, ഉയർന്ന ഡിജിറ്റൽ ബാങ്കിംഗ്

നിരക്കും, പഞ്ചായത്തുതലംവരെ ഫൈബർ ഓപ്റ്റിക് കേബിൾ ഉപയോഗിച്ചുള്ള അതിവേഗ ബ്രോഡ്ബാന്റ് കണക്ഷനും സംസ്ഥാനം കൈവരിച്ചിട്ടുണ്ട്. മെച്ചപ്പെട്ട സേവന പ്രദാന സംവിധാനം സ്ഥാപിക്കുന്നതിനും അതിന്റെ ആഭ്യന്തര പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ വിശ്വാസ്യത കൊണ്ടുവരുന്നതിനും വേണ്ടി 'ഇ-ഗവേണൻസ്' സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 978 പഞ്ചായത്തുകളിൽ 2300 -ൽ അധികമുള്ള അക്ഷയ കേന്ദ്രങ്ങൾ പൗരൻമാരുടെ വീട്ടുപടിക്കൽ ഇ-ഗവേണൻസ് ലഭ്യമാക്കിവരുന്നു. 14 ജില്ലകളിലുടനീളം വ്യാപിച്ചു കിടക്കുന്ന 1700 വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും 2013 മാർച്ച് 26 മുതൽ 'ഇ-ഡിസ്ട്രിക്റ്റ് സേവനങ്ങൾ' ലഭ്യമാണ്. നിലവിൽ, പ്രധാനമായും റവന്യു വകുപ്പിൽ നിന്നും 24 തരം സർട്ടിഫിക്കറ്റ് സേവനങ്ങളും കേരള സർക്കാരിന്റെ 500 യൂട്ടിലിറ്റി-കം-ഫീ പേയ്മെന്റ് സർവ്വീസുകളും ഓൺലൈനിലൂടെ ലഭ്യമാണ്. കൂടാതെ, കേരള സർക്കാർ ഓൺലൈൻ വഴിയുള്ള വിവരാവകാശ സേവനങ്ങളും പൊതുജനപരാതി സംബന്ധിച്ച സേവനങ്ങളും സമാരംഭിച്ചിട്ടുണ്ട്. 1.8 കോടിയിലധികം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ളതും ആയത് സംബന്ധിച്ച കാര്യങ്ങളിൽ കേരളത്തെ മുൻനിരയിലുള്ള സംസ്ഥാനമാക്കിത്തീർത്തിട്ടുള്ളതുമാണ്. നിലവിൽ ഫയലുകളും രേഖകളും മാന്വലായി കൈകാര്യം ചെയ്യുന്നതിനുപകരം കാര്യക്ഷമായ ഇലക്ട്രോണിക് സംവിധാനത്തോടെയുള്ള ഇ-ഓഫീസ് നിലവിൽ വരികയാണ്. മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ഓഫീസുകൾ ഉൾപ്പെടെ ഇരുപത്തിയേഴോളം സെക്രട്ടേറിയറ്റ് വകുപ്പുകൾ ഇതിന്റെ പരിധിയിൽ

വന്നിട്ടുണ്ട്. ഒരു ലക്ഷം പേർക്ക് നേരിട്ടുള്ള തൊഴിലും ഐ. റ്റി. കയറ്റുമതിയിൽ 15,000 കോടി രൂപയുടെ വരുമാനവും ഉണ്ടാക്കുന്ന തലംവരെ കേരളത്തിലെ ഐ. റ്റി. മേഖല വളർന്നിട്ടുണ്ട്. 2011-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഐ. റ്റി കയറ്റുമതിയിൽ നിന്നുള്ള വരുമാനം കേവലം 3000 കോടി രൂപയായിരുന്നു. സ്മാർട്ട് സിറ്റിയുടേയും സൈബർ പാർക്കിന്റേയും ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യപ്പെടുന്നതോടെ കേരളത്തിൽ നിന്നുള്ള ഐ. റ്റി കയറ്റുമതി 2016-ൽ 18,000 കോടി രൂപയിൽ എത്തുന്നതും 2 ലക്ഷം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്ന തുമാണ്.

8. സർക്കാരിൽ പരസ്പരമുള്ള ഏകോപനം സുഗമ മാക്കുന്നതിന് എല്ലാവകുപ്പ് സെക്രട്ടറിമാരെയും ചീഫ് സെക്ര ട്ടറിയെയും ഓൺലൈനായി ബന്ധിപ്പിക്കുന്ന 'ആക്ഷൻ' എന്ന പുതിയ സോഫ്റ്റ്‌വെയറിന്റെ വികസനത്തിനും എന്റെ സർക്കാർ സാക്ഷ്യം വഹിച്ചു. നിസ്സാര കാരണങ്ങൾ മൂലമുള്ള മാർഗ്ഗ തടസ്സങ്ങൾ ചിലപ്പോഴെങ്കിലും പദ്ധതികളെ ദോഷകരമായി ബാധിക്കാറുണ്ട്. 'ആക്ഷൻ' തടസ്സങ്ങളെയും വെല്ലുവിളികളെയും സംബന്ധിച്ച് ഉയർന്ന ഉദ്യോഗസ്ഥരെ ഒരു റിയൽ ടൈം രീതിയിൽ അറിയിച്ചുകൊണ്ടിരിക്കുന്നതാണ്.

9. കേരളം ഏതാനും നൂറ്റാണ്ടുകൾക്ക് മുമ്പ് അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഏറ്റവും വലിയ മാരിറ്റൈം ഹബ്ബു കളിൽ ഒന്നായിരുന്നു. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, അന്താരാഷ്ട്ര വ്യാപാരരംഗത്ത് കേരളത്തെ അതിന്റെ യഥാസ്ഥാനത്ത് ഒരിക്കൽ കൂടി തിരിച്ചു കൊണ്ടുവരുന്ന താണ്. രാജ്യത്തെ ഒരേയൊരു ആഴക്കടൽ വിവിധോദ്ദേശ്യ

കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് പോർട്ടിന്റെ പണി ഇതിനകം ആരംഭിച്ചു കഴിഞ്ഞു. 7525 കോടി രൂപയുടെ പദ്ധതി 1000 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. പണി പൂർത്തിയാകുമ്പോൾ, അന്താരാഷ്ട്ര കപ്പൽ ചാനലിൽ നിന്ന് 10 നോട്ടിക്കൽ മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത തുറമുഖത്തിന്, 18000 റ്റ്വന്റി ഫുട്ട് ഇക്യുവലന്റ് യൂണിറ്റുള്ള കണ്ടെയ്നർ കപ്പലുകളെ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നതും തദ്വാരാ വിദേശ നാണയ വിനിമയത്തിൽ കോടിക്കണക്കിന് രൂപയുടെ നേട്ടമുണ്ടാവുകയും, കൂടാതെ അത് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഒരു ശക്തമായ പ്രതിഫലനം സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. ഈ തുറമുഖം, ഇന്ത്യൻ മഹാസമുദ്രത്തിൽ ഇന്ത്യയുടെ തന്ത്രപ്രധാനമായ മേൽക്കോയ്മ പുനഃസ്ഥാപിക്കുവാൻ പോകുകയാണ് എന്ന് പറയുന്നത് ഒരു അതിശയോക്തിയാവുകയില്ല.

10. അതുപോലെയുള്ള വികസന പദ്ധതികളിൽ എന്റെ സർക്കാർ നൽകിയിട്ടുള്ള ഊന്നൽ വളരെ ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തുന്നതിന് നിമിത്തമായിരുന്നുവെന്നതിൽ സംശയമില്ല. അഞ്ചു വർഷക്കാലയളവിൽ, മിക്കവാറും എല്ലാ സമയത്തും കേരളം ദേശീയ ശരാശരിയേക്കാൾ ഉയർന്ന സാമ്പത്തിക വളർച്ച നിലനിർത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, നിലവിലെ വില നിലവാരത്തിന്റെ അടിസ്ഥാനത്തിൽ, കേരളം ദേശീയ വളർച്ചാനിരക്കായ 10.50%-നെ അപേക്ഷിച്ച് 2014-15 വർഷത്തിൽ 12.3% വളർച്ചാനിരക്ക് കൈവരിച്ചിട്ടുണ്ട്.

11. എന്റെ സർക്കാർ ചെയ്ത പ്രശംസനീയമായ ജോലി കേരളത്തിലെ നമ്മുടെ പ്രിയപ്പെട്ട ജനങ്ങൾ മാത്രമല്ല വിവിധ ദേശീയവും അന്തർദേശീയവുമായ ഫോറങ്ങളും അംഗീകരി

ക്കുന്നുണ്ട്. ഉദാഹരണത്തിന്, മുഖ്യമന്ത്രിയുടെ ഏറ്റവും ജന സമ്മതിയുള്ള ജനസമ്പർക്ക പരിപാടി 2013-ലെ പൊതു ജനസേവനത്തിനുള്ള യു. എൻ. അവാർഡ് കരസ്ഥമാക്കുക യുണ്ടായി. രാജ്യത്ത് ഇദംപ്രഥമമായാണ് ഒരു മുഖ്യമന്ത്രി പ്രശസ്തമായ ഈ അവാർഡിനായി തെരഞ്ഞെടുക്കപ്പെട്ടത്. മുഖ്യമന്ത്രിയുടെ വെബ്സൈറ്റ്, വെബ് രത്ന അവാർഡ് കര സ്ഥമാക്കി. വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലകളിലുള്ള പ്രവർത്തനത്തിന് ഐ. ബി. എൻ. 7 ഡയമണ്ട് സ്റ്റേറ്റ് അവാർഡും, വിദ്യാഭ്യാസം, ബൃഹത് സമ്പദ്വ്യവസ്ഥ, കൃഷി, ഉപഭോക്തൃ വിപണി, നിക്ഷേപം എന്നീ മേഖലകളിൽ മികച്ച വളർച്ച കൈവരിച്ചതിന് 2013-ലെ ഇന്ത്യാ റ്റുഡേ സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ് അവാർഡും, അധികാര വികേന്ദ്രീകരണത്തിലും ജനാധിപത്യ ശാക്തീകരണത്തിലുമുള്ള സർക്കാരിന്റെ പ്രവർത്തനത്തിനുള്ള 2014-15-ലെ കേന്ദ്ര സർക്കാരിന്റെ ഒന്നാം സമ്മാനവും, കുമരകത്ത് നടപ്പിൽ വരുത്തിയ റെസ്പോൺസി ബിൾ ടൂറിസം പദ്ധതിക്ക് വിനോദസഞ്ചാര മേഖലയിലെ ഓസ്കാർ എന്നറിയപ്പെടുന്ന യൂലിസസ്സ് പ്രൈസും ആണ് മറ്റു ചില അവാർഡുകൾ. ദേശീയ ഗെയിംസിന്റെ പ്രചാരണാർത്ഥം നടത്തിയ 'റൺ കേരള റൺ' എന്ന കൂട്ട ഓട്ടം, 1.52 കോടി ജനങ്ങളുടെ പങ്കാളിത്തത്തിന് സാക്ഷ്യം വഹിക്കുകയും ലിംകാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ സ്ഥാനം നേടുകയും ചെയ്തു. ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള 'എനർജി അവാർഡ്' 2012 മുതൽ തുടർച്ചയായി കേരളം നേടിയിട്ടുണ്ട്. കൂടാതെ, 2014-ൽ ഇന്ത്യ പവർ അവാർഡും, 2015-ൽ ഏറ്റവും കൂടുതൽ പദ്ധതികൾ നടപ്പിലാക്കിയതിനുള്ള ഊർജ്ജ മന്ത്രാലയത്തിന്റെ അവാർഡും കേരളം കരസ്ഥമാക്കിയിട്ടുണ്ട്.

12. എന്റെ സർക്കാരിന്റെ കാലത്ത്, 5.8 ലക്ഷം ദാരിദ്ര്യ ബാധിത കുടുംബങ്ങൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ 35 കിലോ വരെ അരിയും 14.4 ലക്ഷം ബി.പി.എൽ കുടുംബ ങ്ങൾക്ക് കിലോയ്ക്ക് 2 രൂപ നിരക്കിൽ ഗോതമ്പും കിലോയ്ക്ക് 1 രൂപ നിരക്കിൽ 25 കിലോ വരെ അരിയും നൽകിയിട്ടുണ്ട്. 94 ലക്ഷം ജനങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുക യുണ്ടായി. 60 ലക്ഷം ആളുകളെ അധികമായി 1 രൂപയ്ക്ക് 1 കിലോ അരി പദ്ധതിയിൽ ഉൾപ്പെടുത്തുകയും അരിയും ഗോതമ്പും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനു വേണ്ടി 2870 കോടി രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഓണം, റംസാൻ, വിഷു, ക്രിസ്തു മസ് മുതലായ ഉത്സവ കാലങ്ങളിൽ പൊതുവിപണിയിലെ ക്രമാതീതമായ വിലക്കയറ്റം തടയുന്നതിനുവേണ്ടി ഞങ്ങൾ പ്രത്യേക മേളകൾ സംഘടിപ്പിക്കുകയും 102 മെഡിക്കൽ സ്റ്റോറുകളും 5 മൊത്ത വില്പനശാലകളും വഴി മരുന്നുകൾ വിൽപ്പന നടത്തുകയും ചെയ്യുകയുണ്ടായി. സപ്ലൈകോയുടെ മൊത്തം വിറ്റുവരവ് 2010-11 വർഷത്തെ 2320 കോടിയിൽ നിന്നും 2014-15 വർഷത്തിൽ 3792 കോടിയായി വർദ്ധിച്ചിട്ടുണ്ട്. എന്റെ സർക്കാർ, 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷ ആക്റ്റ് 2016 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്നതാണ്. ഞങ്ങൾ, 2016-17 സാമ്പത്തിക വർഷത്തോടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സപ്ലൈകോ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശി ക്കുന്നു.

13. എന്റെ സർക്കാർ, 2016 ജനുവരി 31 വരെ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസനിധി മുഖേന 710 കോടി രൂപയും കേരളത്തിനു പുറത്തുള്ള ജനങ്ങൾക്കായി 6.27 കോടി രൂപയും

നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയുടെ മൂന്ന് ഘട്ടങ്ങളിലായി, മൊത്തം 12.5 ലക്ഷം നിവേദനങ്ങളിൽ ആകെ 7.89 ലക്ഷം പരാതികൾ പരിഹരിച്ചിട്ടുണ്ട്. 2011–ൽ, ആകെയുള്ള 5.45 ലക്ഷം പരാതികളിൽ 2.97 ലക്ഷം എണ്ണം പരിഹരിക്കുകയും, 2013–ൽ ആകെയുള്ള 3.21 ലക്ഷം പരാതികളിൽ 3.20 ലക്ഷം എണ്ണം പരിഹരിക്കുകയും, 2015–ൽ ആകെയുള്ള 3.83 ലക്ഷം പരാതികളിൽ 1.72 ലക്ഷം എണ്ണം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 'സിയാൽ' (CIAL) പൂർണ്ണമായും സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യ വിമാനത്താവളമായി മാറിയിരിക്കുന്നു എന്നത് കേരളത്തിന് അഭിമാനിക്കാവുന്ന കാര്യമാണ്. 1000 കോടി രൂപയുടെ പുതിയ അന്താരാഷ്ട്ര ടെർമിനലിന്റെ ജോലി ആരംഭിച്ചു കഴിഞ്ഞു. യാത്രക്കാരുടേയും കാർഗോയുടേയും കാര്യത്തിൽ റെക്കോഡ് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

14. 100% സാക്ഷരതാ നിരക്കിൽ പൂർണ്ണ തൃപ്തരാകാതെ വിദ്യാഭ്യാസത്തിൽ മികവിന് വേണ്ടിയുള്ള ഒരു കാഴ്ചപ്പാട് എന്റെ സർക്കാരിനുണ്ട്. ആ കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ വിവിധ ശ്രമങ്ങളുടെ ഫലമായി വിദ്യാഭ്യാസ മേഖലയിൽ നിരവധി ഒന്നാം സ്ഥാനങ്ങൾ നേടിയിട്ടുണ്ട്. ഉദാഹരണത്തിന്, കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സർക്കാർ മേഖലയിൽ 22 ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുകയുണ്ടായി. സർക്കാർ–എയ്ഡഡ് കോളേജുകളിൽ 320 കോഴ്സുകൾക്കും അനുമതി നൽകി. കൂടാതെ, ആദ്യത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി 400 ഏക്കർ വിസ്തൃതിയിൽ പാലക്കാട്ടെ കഞ്ചിക്കോടിൽ നിലവിൽ വരുന്നതാണ്. 35 വർഷങ്ങൾക്കു ശേഷം

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ എണ്ണം 5-ൽ നിന്നും 9 ആയി വർദ്ധിക്കുകയും 6 എണ്ണം ആരംഭദശയിലുമാണ്. എം.ബി.ബി.എസ് സീറ്റുകളുടെ ആകെ എണ്ണം 900-ൽ നിന്നും 1250 ആയി വർദ്ധിച്ചിട്ടുണ്ട്. 2014-15-ൽ രാജ്യത്ത് ആദ്യമായി പട്ടികജാതി വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് പാലക്കാട്ട് ആരംഭിച്ചു. ആകെയുള്ള അഡ്മിഷനുകളിൽ 70% പട്ടികജാതി വിദ്യാർത്ഥികൾക്കും 2% പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുമാണ്.

15. എന്റെ സർക്കാരിന്റെ കാലയളവിൽ, കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖല, അക്കാദമികരംഗത്തും അതുപോലെതന്നെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും അസാധാരണമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. പദ്ധതി ഫണ്ടിന് പുറമേ സർവ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്നിവയിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്ക് ഫണ്ട് നൽകുകവഴി സംസ്ഥാനത്തെ നിരവധി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടായി. നീണ്ട പത്ത് വർഷക്കാലത്തെ ഇടവേളയ്ക്കുശേഷം ഒന്ന് മുതൽ പത്ത് വരെയുള്ള സ്റ്റാന്റേർഡുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. അറുപത്തിരണ്ട് സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളും നൂറ്റി അറുപത്തിയേഴ് എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളും അനുവദിക്കുകയുണ്ടായി. 'ബഡ്സ് സ്കൂളുകൾ' ഉൾപ്പെടെ നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക്, എയ്ഡഡ് പദവി നൽകുകയുണ്ടായി. അൻപത് വിദ്യാർത്ഥികളിൽ അധികമുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

2015 മാർച്ച് 31-ാം തീയതി വരെ റെഗുലർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന 17,000 അംഗീകൃത എയ്ഡഡ് അദ്ധ്യാപകർക്ക് എന്റെ സർക്കാരിന്റെ പുതിയ അദ്ധ്യാപക പാക്കേജിന്റെ പ്രയോജനം ലഭിക്കും.

16. കേരളത്തിലെ ജനങ്ങളുടെ ക്ഷേമം എന്ന എന്റെ സർക്കാരിന്റെ പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതിനായി സാമൂഹ്യക്ഷേമ മേഖലയിൽ ഏഴു പരിവർത്തനാത്മക നയ ഇടപെടലുകൾ നടത്തിയിട്ടുണ്ട്, അതായത്, അംഗപരിമിതർക്കായുള്ള കേരള സംസ്ഥാനനയം, 2016-17 സാമ്പത്തിക വർഷത്തിലേക്കുള്ള ജെൻഡർ ബഡ്ജറ്റിംഗും മുഖ്യധാരയിലെത്തിക്കുന്നതിനുള്ള ഒരു ഉപാധിയായ സംസ്ഥാന ജെൻഡർ ആക്ഷൻ പ്ലാനും (SGAP) വികസിപ്പിച്ചെടുക്കുന്ന ലിംഗ സമത്വവും സ്ത്രീശാക്തീകരണവും നയം, അത് ലിംഗ സമത്വത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് സ്ത്രീശാക്തീകരണത്തിന് വേണ്ടി നിലവിൽ നീക്കിവയ്ക്കപ്പെട്ട തുകകൾ കൂടുതൽ കാര്യക്ഷമമായും ഏകോപിപ്പിക്കപ്പെട്ട രീതിയിലും വിനിയോഗിക്കുന്നത് ഉറപ്പുവരുത്തുന്നതാണ്. മൂന്നാമത്തെ പരിവർത്തനാത്മകമായ നയമാണ് 'ട്രാൻസ് ജെൻഡർ നയം', അതിൻ കീഴിൽ ഭിന്നലിംഗ വിഭാഗത്തിലുള്ളവർക്ക് (ട്രാൻസ്ജെൻഡർ) സ്വയം കണ്ടെത്തുന്നതിനും അവരുടെ സർവ്വതോന്മുഖ സംരക്ഷണത്തിനും അന്തസ്സിനും ആയി ഒരു സ്ഥാപിതസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു പ്രഥമ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2016 -ൽ ഒരു 'ബാലനയം' പ്രഖ്യാപിച്ചിട്ടുള്ളതും, അത് അധിക്ഷേപം, ചൂഷണം, അവഗണന എന്നിവയിൽ നിന്നുള്ള സംരക്ഷണം, അതിജീവനത്തിനും അടിസ്ഥാന ആവശ്യങ്ങൾക്കുമുള്ള അവകാശം,

വികസന അവകാശം, പങ്കെടുക്കുന്നതിനുള്ള അവകാശം, എന്നീ നാലു പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ്. മേൽപറഞ്ഞതിന് പുറമെ, ഒരു സമഗ്ര 'വയോജന നയം', പോഷകാഹാരനയം, ഈ മേഖലയിൽ സർക്കാരിതര സംഘടനകളിൽ നിന്നും അർത്ഥവത്തായ സംഭാവന ലഭിക്കാൻ സാധ്യമാകുന്ന ഒരു 'സർക്കാരിതര സംഘടനാ നയം' (എൻ.ജി.ഒ. പോളിസി) എന്നിവകൂടി ഞങ്ങൾ കൊണ്ടുവരികയുണ്ടായി. സേവനം പ്രദാനം ചെയ്യുന്നത് മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട രീതിയിൽ രേഖകൾ ശേഖരിച്ച് ഉപയോഗിക്കുന്നതിനും അവ കണ്ടുപിടിക്കുന്നതിനും, (ഡോക്യുമെന്റേഷൻ ആന്റ് ട്രാക്കിംഗ്) നിരവധി നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി, (എ) സോഷ്യൽ ഓഡിറ്റ് മാന്വൽ, (ബി) കുട്ടികൾക്ക് നേരെയുള്ള അധിക്ഷേപം തടയുന്നതിനായുള്ള ഒരു പ്രോട്ടോകോൾ – 'ബാലസുരക്ഷ', (സി) ഷെൽട്ടർഹോമുകളിലെ സംരക്ഷണ നിലവാരം, (ഡി) കാണാതായ കുട്ടികൾക്ക് വേണ്ടിയുള്ള ശിശുക്ഷേമ സമിതികളുടെ പ്രവർത്തന നടപടികളുടെ നിലവാരം (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ – എസ്.ഒ.പി.) എന്നിവ, മറ്റുള്ളവയ്ക്കൊപ്പം വകുപ്പ് വികസിപ്പിച്ചെടുക്കുകയുണ്ടായി. വിദൂര ഗോത്രവർഗ്ഗ പ്രദേശങ്ങളിലെ കുട്ടികളുടേയും ഗർഭിണികളുടേയും പാലൂട്ടുന്ന അമ്മമാരുടേയും പോഷകാഹാര നിലവാരം നിരീക്ഷിക്കുന്നതിനായി ഭൂമിശാസ്ത്രപരമായ വിവര സംവിധാനത്തിന്റെ (GIS) സഹായത്തോടെ രണ്ട് സ്വതന്ത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ, 'ജനനി', 'ജാതക്' എന്നിവ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രീ-സ്കൂൾ കുട്ടികളിൽ പഞ്ചേന്ദ്രിയങ്ങളും ധാരണാ നൈപുണ്യവും വികസിപ്പിക്കുക, ന്യൂട്രിമിക്സിന്റെ രുചിഭേദം വർദ്ധിപ്പിക്കുക,

എന്നീ ലക്ഷ്യങ്ങളോടെ വിഷയാധിഷ്ഠിതമായ സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു ശൈശവകാല സംരക്ഷണ വിദ്യാഭ്യാസ നയം (ഏർലി ചൈൽഡ്ഹുഡ് കെയർ ആന്റ് എജൂക്കേഷൻ സ്ട്രാറ്റജി) അട്ടപ്പാടിയിൽ യുനിസെഫിന്റെ സഹായത്തോടെയുള്ള സാമൂഹിക അടിസ്ഥാനത്തിലുള്ള പോഷകാഹാര പുനരധിവാസ പരിപാടി എന്നിവയാണ് മറ്റു പദ്ധതികളിൽ ചിലത്.

17. വിതരണം ചെയ്ത പെൻഷനുകളുടെ തുക, അതിലുൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ കാര്യത്തിൽ ക്ഷേമ പെൻഷനുകളിലൂടെ പാവപ്പെട്ടവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും പരമാവധി സഹായം നൽകിയതിന്റെ ഖ്യാതി എന്റെ സർക്കാരിന് തികച്ചും അർഹമായിട്ടുള്ളതാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ 15,911 കോടി രൂപയുടെ പെൻഷനുകൾ ഇതിനകം വിതരണം ചെയ്യുകയും അതിൽ 14,400 കോടി രൂപ സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള പെൻഷനുകൾ വഴിയും 1511 കോടി രൂപ തൊഴിൽ വകുപ്പിൻ കീഴിലുള്ള പെൻഷനുകൾ വഴിയുമായിരുന്നു. എന്റെ സർക്കാർ, അതിന്റെ ക്ഷേമ പെൻഷനുകൾ വഴി 32 ലക്ഷം പെൻഷൻകാർക്ക് സാമൂഹ്യ സുരക്ഷ നൽകുകയും 9.69 ലക്ഷം ഗുണഭോക്താക്കൾക്ക് തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയ പെൻഷനുകൾ നൽകുകയും ചെയ്തു. എന്റെ സർക്കാർ, 2013-ൽ ചെറുതും ഇടത്തരക്കാരുമായ കർഷകർക്കായി പെൻഷനുകൾ ഏർപ്പെടുത്തിയിരുന്നു. 3.45 ലക്ഷം കർഷകർ ഇതിൽ ഉൾപ്പെട്ടിട്ടുള്ളതും 318 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുള്ളതുമാണ്.

18. സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുഖേന 5010 ആളുകൾക്ക് മോട്ടോറൈസ്ഡ് മുച്ചക്ര സ്കൂട്ടറുകൾ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും അവശതാപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 1700 രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2200 രൂപയും ലഭിക്കുന്നുണ്ട്. ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്ന മറ്റ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസം 1200 രൂപ സാമ്പത്തിക സഹായമായി നൽകുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്ലസ് ടു വരെയുള്ള പഠനത്തിനായി 2000, 3000, 4000 രൂപ വീതം സഹായമായി നൽകുന്നുണ്ട്. ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെ ചികിത്സയ്ക്കായി കാസറഗോഡ് ജില്ലാ കളക്ടർ ഒരു സ്പെഷ്യൽ ഫണ്ട് കൂടി അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ കളക്ടർക്ക് 51.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്റെ സർക്കാരിന്റെ കാലയളവിൽ, ശക്തമായ സാമൂഹ്യക്ഷേമ നടപടികൾ എടുക്കുക എന്ന പ്രതിജ്ഞാബദ്ധതയുടെ ഭാഗമായി, 18 വയസ്സുവരെയുള്ള കുട്ടികളുടെ സൗജന്യ കാൻസർ ചികിത്സാ പദ്ധതി പ്രകാരം 2546 പേർക്ക് ചികിത്സയും 1922 പേർക്ക് തുടർചികിത്സയും നൽകുകയുണ്ടായി. ഗുരുതരമായ രോഗം ബാധിച്ച 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന 'താലോലം' പദ്ധതി, 15 ആശുപത്രികളിൽ നടപ്പിലാക്കി. ശയ്യാവലംബരായ രോഗികളെ ദിവസം മുഴുവൻ സഹായിക്കുന്ന ആളുകൾക്ക് 'ആശ്വാസകിരണം', എന്ന പദ്ധതിയിലൂടെ മാസംതോറും ധനസഹായം നൽകി വരുന്നു.

ഈ വിഭാഗത്തിൽ 63,544 ഗുണഭോക്താക്കൾ ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അത് 680 പേർ മാത്ര മായിരുന്നു. നടപ്പുസാമ്പത്തികവർഷം, 90,000 ഗുണഭോക്താ ക്കൾക്ക് സഹായം നൽകുക എന്നതാണ് ലക്ഷ്യം. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, മലബാർ കാൻസർ സെന്ററിലും, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രിയിലും 'സുകൃതം പദ്ധതി' വഴിയുള്ള സൗജന്യ കാൻസർ ചികിത്സ ഇപ്പോൾ ലഭ്യമാണ്. 117 കോടി രൂപയുടെ വികസന പരിപാടി വഴി നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലി ബെറേഷൻ ലബോറട്ടറീസ് (NABL)-ന്റെ ഔദ്യോഗിക അക്രെഡിറ്റേഷൻ, റീജിയണൽ കാൻസർ സെന്ററിന് ലഭിച്ചു. കൊച്ചിയിൽ 'കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും ഗവേഷണകേന്ദ്രവും' സജ്ജമായിവരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്റെ സർക്കാർ 'ശ്രുതിതരംഗം പദ്ധതി' വഴി 620 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള കുട്ടികളിലെ ശ്രവണവൈകല്യം ചെറുപ്രായ ത്തിൽ തന്നെ കണ്ടുപിടിക്കുകയും അവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

19. എന്റെ സർക്കാരിന്റെ കാലയളവിൽ, കേരളത്തിലെ പരമ്പരാഗത മേഖലകൾക്ക് ഒരു ഉണർവ് ലഭിച്ചിട്ടുണ്ട്. ഉദാ ഹരണമായി, കയർ ഉത്പന്നങ്ങളുടെ വിപണനത്തിനായുള്ള എക്കാലത്തേയും ആദ്യത്തെ അന്താരാഷ്ട്ര സംരംഭമായ

'കയർകേരള–2015' എന്റെ സർക്കാർ സംഘടിപ്പിക്കുകയും, അത് ആലപ്പുഴയിൽ 5 ദിവസങ്ങളിലായി നടത്തുകയും ചെയ്തു. ചകിരിനാരുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി, 'തൊണ്ടുശേഖരണവും ചകിരിനാര് ഉത്പാദനവും പദ്ധതി' എന്ന ഒരു പുതിയ പദ്ധതി സർക്കാർ നടപ്പിലാക്കി. കയർ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ 2016–ൽ ഒരു കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിൽ കയർ വ്യവസായം ആരംഭിക്കുന്നതിനായി വാണിജ്യ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, മറ്റു സർക്കാർ സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ, ക്ലസ്റ്ററുകൾ, സ്വയം സഹായ സംഘങ്ങൾ, ചെറുകിട ഉത്പാദകർ എന്നിവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

20. കശുവണ്ടി മേഖലയിലെ സർക്കാർ സ്ഥാപനങ്ങളായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും, കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (CAPEX) ഈ മേഖലയിൽ സാമൂഹ്യ പ്രതിബദ്ധതയുള്ള മാതൃകാസ്ഥാപനങ്ങളായി പ്രവർത്തിച്ചു വരികയും പൂർണ്ണമായും വാണിജ്യാടിസ്ഥാനത്തിലല്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടുതൽ സുതാര്യത നേടിയെടുക്കുന്നതിനും അതുപോലെതന്നെ ദീർഘകാല സുസ്ഥിരതയ്ക്കുമായി, ഈ സ്ഥാപനങ്ങളുടെ വ്യാപാര മാതൃക പൂർണ്ണമായും നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു. എന്റെ സർക്കാരിന്റെ കാലയളവിൽ 112 വർഷം പഴക്കമുള്ള അബ്കാരി

നിയമങ്ങളിൽ ഭേദഗതി വരുത്തി, തെങ്ങിൽ നിന്നും 'ആൽക്കഹോൾരഹിത നീര' ചെത്തുന്നതിന് കർഷകർക്ക് അനുമതി നൽകി. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രാരംഭമായി മൂന്ന് നീര ഉത്പാദന കേന്ദ്രങ്ങൾ അനുവദിച്ചു. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനാണ് ഇതിന്റെ വിപണന ചുമതല. "നീര" ചെത്തുന്നതു വഴി ഒരു തെങ്ങിൽ നിന്നും പ്രതിമാസം ശരാശരി 2100 രൂപ വരുമാനം പ്രതീക്ഷിക്കുന്നു. ഉയരം കുറവായിട്ടുള്ളതും സങ്കരയിനങ്ങളിൽപ്പെടുന്നതുമായ തെങ്ങിനങ്ങൾ പ്രചരിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള 'കേരസമൃദ്ധി' പദ്ധതി, കേരകൃഷിമേഖല അഭിമുഖീകരിക്കുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് കാരണമായി ത്തീർന്നിട്ടുണ്ട്. സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ "റബ്ബർ മാർക്ക്" വൈവിദ്ധ്യവത്ക്കരണം ഏർപ്പെടുത്തുന്നതാണ്. "റബ്ബർ മാർക്ക്"-ന്റെ "റൂബേക്ക് ബലൂൺ"-ന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സഹകരണമേഖലയിൽ 'അപെക്സ് ഫെഡറേഷനുകൾ' ശക്തിപ്പെടുത്തുന്നതിനും പൂർണ്ണമായും ആധുനികവൽക്കരിക്കുന്നതിനായി വായ്പാ മേഖലയെ സജ്ജമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു കിലോ റബ്ബറിന് 150 രൂപ നൽകുന്ന വിലസ്ഥിരതാപദ്ധതി എന്റെ സർക്കാർ വിജയകരമായി നടപ്പിലാക്കുകയും അതിലേയ്ക്കായി 300 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. 12 ടയർ കമ്പനികളുമായി ചേർന്ന് രൂപീകരിച്ച മറ്റൊരു പാക്കേജിന് 45 കോടി രൂപ നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര വിലയുടെ 25% അധികം നൽകിക്കൊണ്ട് ടയർ കമ്പനികൾ റബ്ബർ വാങ്ങുന്ന

ഒരു പദ്ധതിയായിരുന്നു ഇത്. വാങ്ങൽ നികുതിയുടെ പകുതി, കമ്പനികൾക്ക് സർക്കാർ തിരികെ നൽകുകയും ശേഷിക്കുന്ന പകുതി `വാറ്റ് റീഫണ്ട് ക്ലെയിം' ആയി കണക്കാക്കുന്നതു മാണ്. `റോഡ് റബ്ബറൈസേഷൻ പ്രോജക്റ്റും' നടപ്പിലാക്കി വരുന്നു.

21. ഖാദി ഗ്രാമീണവ്യവസായ മേഖലയിൽ സമൂഹ ത്തിലെ ദുർബ്ബലവിഭാഗങ്ങൾക്കിടയിലെ മനുഷ്യവിഭവശേഷി ഉപയോഗിച്ച്, ഖാദിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് 23.79 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പുതിയ പദ്ധതിയായ "ഖാദി ഗ്രാമം" 2016-17-ൽ ആരംഭിക്കുന്നതാണ്. കോട്ടയത്ത് ഖാദി വിപണനസമുച്ചയവും പയ്യന്നൂർ ഖാദി സെന്ററിൽ ഒരു ഗാന്ധി ഖാദി മ്യൂസിയവും സ്ഥാപിക്കുന്നത് പരിഗണനയി ലാണ്. കരകൗശലമേഖലയിൽ, കരകൗശലപ്പണിക്കാരെ സംരംഭകരായി ഉയർത്തുന്നതിനുള്ള നൂതന ഉദ്യമങ്ങൾക്ക് ആരംഭം കുറിക്കുന്നതാണ്. ഇതുകൂടാതെ കേരളത്തിലെ യഥാർത്ഥ കരകൗശല ബ്രാന്റായ 'എത്നിക് കേരള' നിർമ്മി ക്കുന്നതിനും ജനകീയമാക്കുന്നതിനും ഒരു പ്രചാരണ പരിപാടി ആരംഭിക്കുന്നതാണ്. കൈത്തറി ഉത്പന്നങ്ങളുടെ വിപണി വ്യാപിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി 2016-17-ൽ കണ്ണൂരിൽ ഒരു പ്രദർശനവിപണന കേന്ദ്രം സ്ഥാപി ക്കുന്നതാണ്. കൂടാതെ, കൈത്തറി യൂണിറ്റുകൾ/നെയ്ത്തുകാർ കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട റവന്യൂ ബ്ലോക്കുകളിൽ ഭാരത സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ക്കനുസൃതമായി കൈത്തറി ക്ലസ്റ്ററുകൾ സ്ഥാപി ക്കുന്നതാണ്. തേനീച്ച വളർത്തൽ വ്യവസായം പ്രോത്സാഹി പ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറായിക്കൊണ്ടിരിക്കുന്നു.

22. എമേർജിംഗ് കേരള - 'ആഗോള നിക്ഷേപക സമ്മേളന' കാലയളവിൽ സമർപ്പിച്ചിരുന്ന 32,137 കോടി രൂപയുടെ 56 പദ്ധതികളുടെ ജോലി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ, 23,334 കോടി രൂപയുടെ 14 പദ്ധതികൾ വ്യവസായവകുപ്പിന്റെ കീഴിലാണ്. ഭാരത് പെട്രോ കെമിക്കൽസ് ലിമിറ്റഡ് ഡൗൺ സ്ട്രീം, കൊച്ചി പെട്രോ കെമിക്കൽ പാർക്ക്, പോളി ഐസോബ്യൂട്ടീൻ പ്രോജക്റ്റ്, ബയോ ന്യൂട്രാപാർക്ക്, ബയോമെഡിക്കൽ ഡിവൈസസ് ഹബ്ബ് എന്നിവ പോലെയുള്ള പദ്ധതികൾ ഭാവിയിൽ കേരളത്തിന്റെ മുഖഛായ കൂടുതൽ മെച്ചപ്പെടുത്തുന്ന പദ്ധതികളിൽ ചില താണ്. മെഴ്സിഡസ്ബെൻസും ഉന്നത വിദ്യാഭ്യാസവകുപ്പും തമ്മിലും, ബോഷും ഉന്നത വിദ്യാഭ്യാസവകുപ്പും തമ്മിലും, ബി.എ.എസ്.എഫ്. ഇന്ത്യ കിഡ്സ് ലാബും ശാസ്ത്ര-സാങ്കേതിക വകുപ്പും തമ്മിലും ഉള്ള സംയുക്ത സംരംഭങ്ങൾ പോലുള്ള പദ്ധതികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. എന്റെ സർക്കാർ, വ്യവസായവകുപ്പിന്റെ കീഴിലുള്ള 44 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 899.90 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ട് ഒരു സർവ്വകാല റെക്കോർഡ് സ്ഥാപിക്കുകയുണ്ടായി. ഇങ്ങനെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-ടെൻഡറും ഇ-പേയ്മെന്റും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അവർക്കെല്ലാം 'ഇ-ഓക്ഷൻ' സമ്പ്രദായം നടപ്പിലാക്കുന്ന തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

23. ജനസംഖ്യയുടേയും ഭൂവിസ്തൃതിയുടേയും അടിസ്ഥാ നത്തിൽ, സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഒരു

ദേശീയ സർവ്വേയിൽ സംരംഭങ്ങളുടെ എണ്ണത്തിന്റെ കാര്യ ത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തി. 51,899 പുതിയ 'എം.എസ്. എം.ഇ.' യൂണിറ്റുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും, 2.97 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 8225.05 കോടി രൂപയുടെ നിക്ഷേപം നടത്തുകയും ചെയ്തു കഴിഞ്ഞ നാലു സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് 2006-11 കാലയളവിൽ ആകെ 31,995 'എം.എസ്.എം.ഇ.'യൂണിറ്റുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും, 2.23 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, 3247.11 കോടി രൂപയുടെ നിക്ഷേപം നടത്തുകയും മാത്രമാണ് ഉണ്ടായിട്ടുള്ളത്. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത കാരണം, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ സംരംഭകത്വത്തിന്റെ വളർച്ച നേരിടുന്ന പ്രതി ബന്ധങ്ങൾ പരിഹരിക്കുന്നതിനായി, ഉത്പാദന സേവന മേഖ ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്വയംതൊഴിൽ പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്. യുവജനങ്ങൾക്ക് പ്രയോ ജനം നൽകുന്ന തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ മേഖലയുടെ വികസനത്തിൽ, പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. നൈപുണ്യ വികസനം, സാങ്കേതിക സഹായം എന്നിവ പോലെയുള്ള ഇടപെടലുകളിലൂടെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭ ങ്ങളെ ഇടത്തരം സംരംഭങ്ങളായും, ഉയർത്തുന്നതിന് ഊന്നൽ നൽകുന്നതാണ്. വനിതാ സംരംഭകരുടെ നൈപുണ്യ ശേഷി വർദ്ധിപ്പിച്ചും, സംരംഭ രൂപീകരണം പ്രോത്സാഹിപ്പിച്ചും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിൽ (MSME) ലിംഗസമത്വവും സ്ത്രീശാക്തീകരണവും നേടിയിട്ടുണ്ടെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതുമാണ്.

24. ചെറുകിട-ഇടത്തരം സംരംഭമേഖലയിലെ ഉപഭോക്താക്കൾക്കും വിൽപനക്കാർക്കും നേരിട്ട് പരസ്പര വിനിമയം നടത്തുവാൻ സാധ്യമാകും വിധത്തിൽ കേരളത്തിന്റെ ശക്തമായ ഉത്പാദനാടിസ്ഥാനം പ്രദർശിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 'കേരള ബിസിനസ്സ് റ്റു ബിസിനസ്സ് മീറ്റ്-2016', 2016 ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്നതാണ്. പ്രതിരോധ സേനയുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉപകരണങ്ങളുടെ ആഭ്യന്തര നിർമ്മാണത്തിന് എന്റെ സർക്കാർ പ്രധാനമായും ഊന്നൽ നൽകുന്നതിനാൽ, ഭാരത സർക്കാരിന്റെ 'മേക്ക് ഇൻ ഇൻഡ്യ' ഉദ്യമത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് പാലക്കാട് ഒറ്റപ്പാലത്ത് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ ലിമിറ്റഡ് (KINFRA) ഒരു 'ഡിഫൻസ് പാർക്ക്' വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 'കിൻഫ്ര' തയ്യാറാക്കി വരുന്ന മറ്റു പ്രധാന പദ്ധതികൾ, എറണാകുളത്തെ 'ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ', തിരുവനന്തപുരത്തെ 'ഗ്ലോബൽ ആയുർവേദ വില്ലേജ്', കോഴിക്കോട്ടെ 'ഫുട്ട്വെയർ പാർക്ക്' എന്നിവയാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുവാനുദ്ദേശിച്ചിട്ടുള്ളവയ്ക്ക് പുറമേ 'വ്യാവസായിക വികസന മേഖലകൾ' (ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് സോൺസ്) പാലക്കാട്, തൊടുപുഴ എന്നിവിടങ്ങളിൽ കൂടി സ്ഥാപിക്കുന്നതാണ്.

25. 07/02/2015 മുതൽ പ്രാബല്യം നൽകിക്കൊണ്ട് '2015 -ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്' ഖനന മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളതും അത് മുഖേന കൂടുതൽ സുതാര്യതയോടുകൂടിയ പരിസ്ഥിതി സൗഹൃദവും ശാസ്ത്രീയവുമായ ഖനനത്തിന് ഒരു പുതിയ മാനം കൈവരിക്കാമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

26. ദീർഘകാലമായി തിരുവനന്തപുരം നേരിടുന്ന പ്രശ്ന ങ്ങളിലൊന്നായിരുന്നു വെള്ളപ്പൊക്കം. അതിനാൽ, സർക്കാർ സ്വീകരിച്ചിട്ടുള്ള വെള്ളപ്പൊക്ക നിവാരണ നടപടികൾ ശക്തവും ദീർഘവീക്ഷണത്തോടുകൂടിയതുമായ ഒരു നടപടി യായിത്തീർന്നിട്ടുണ്ട്. 'ഓപ്പറേഷൻ അനന്ത', നഗരത്തിലെ വെള്ളപ്പൊക്ക നിവാരണത്തിൽ വലിയൊരളവ് വരെ സഹായ കമായിട്ടുണ്ട്. കഴിഞ്ഞ ആറ് മാസങ്ങളായി ശക്തമായ ധാരാളം മഴ പെയ്തിട്ടും തമ്പാനൂരിലോ പഴവങ്ങാടിയിലോ വെള്ളപ്പൊ ക്കത്തിന്റെ ഒരു സാഹചര്യവുമുണ്ടായിട്ടില്ല. 30 കിലോമീറ്റർ ദൈർഘ്യത്തിൽ കനാലുകളും, മഴവെള്ള ഓടകളും ശുചീ കരിക്കുകയും 3.5 മീറ്റർ വരെ വീതി വർദ്ധിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. ചെന്നൈയിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്ത ലത്തിൽ, തിരുവനന്തപുരത്ത് നമ്മൾ ഇത് എപ്രകാരം ചെയ്തു എന്നറിയുന്നതിന് വിവിധ സംസ്ഥാന സർക്കാരുകളും, സ്വച്ഛഭാരത് മിഷനും, ദേശീയ ദുരന്ത നിവാരണ അതോറിറ്റി യും, ഐ.ഐ.ടി., ഐ.ഐ.എസ്.സി. എന്നിവ പോലുള്ള പ്രഗത്ഭമായ അക്കാദമികസ്ഥാപനങ്ങളും വളരെയേറെ താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി എന്നറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കണ്ണൂരിൽ ജലാശയ ങ്ങൾ വീണ്ടെടുക്കുന്നതിനും പാലക്കാട് കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി 'അനന്ത' വിജയകരമായി നടപ്പിലാ ക്കിയിട്ടുണ്ട്. വളരെക്കാലങ്ങളായി വൻതോതിൽ മാലിന്യം നിക്ഷേപിച്ച് വന്നിരുന്ന ബ്രഹ്മപുരം മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ ശുചീകരണം, അനന്തയുടെ ഭാഗമായി പുരോഗമിച്ചു വരുന്നു. അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കപ്പെട്ട ഫോർട്ട് കൊച്ചിയിലേയ്ക്കും കൂടി ഈ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

27. കേരള സംസ്ഥാനത്ത് മെച്ചപ്പെട്ട രീതിയിലുള്ളതും വേഗതയേറിയതുമായ 'കണക്ടിവിറ്റി' ഉറപ്പുവരുത്തുന്നതിന്, സംസ്ഥാനത്തെ എല്ലാ റെയിൽവേ പദ്ധതികളും ദ്രുതഗതിയിലാക്കുന്നതിലേക്കായി, അർപ്പണബോധത്തോടു കൂടിയ ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കുന്നതിനായി എന്റെ സർക്കാർ റെയിൽവേയുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവെയ്ക്കുകയും അത് കേരളത്തിൽ നിലവിലെ 'കണക്ടിവിറ്റി'യുമായി ബന്ധപ്പെട്ട രംഗങ്ങളിൽ വലിയൊരു മാറ്റം കൊണ്ടുവരികയും ചെയ്യുന്നതാണ്. സാമ്പത്തികമായി വിജയസാധ്യതയുള്ളതാണെന്ന് അംഗീകരിക്കപ്പെട്ട, വളരെയേറെ പ്രതീക്ഷയോടെ കാത്തിരുന്ന തിരുവനന്തപുരം ചെങ്ങന്നൂർ 'സബർബൻ റെയിൽവേ പദ്ധതി', ഈ 'എസ്.പി.വി.' നടപ്പിലാക്കുന്ന ആദ്യപദ്ധതികളിൽ ഒന്നായിരിക്കുന്നതാണ്. സാധ്യതാപഠനങ്ങളും, ആവശ്യമായ മറ്റു നടപടിക്രമങ്ങളും ദ്രുതഗതിയിലാക്കുന്നതിലൂടെ, ഈ 'എസ്.പി.വി.' നിലമ്പൂർ-നഞ്ചൻകോട് പാത ഉൾപ്പെടെയുള്ള നിരവധി സ്വപ്ന പദ്ധതികളും, അങ്ങനെയുള്ള മറ്റു പദ്ധതികളും ത്വരിതഗതിയിലാക്കുമെന്ന് അതിയായ സന്തോഷത്തോടെ എനിക്ക് പറയുവാൻ കഴിയും. എന്റെ സർക്കാരിന്റെ ഒരു സ്വപ്ന പദ്ധതിയാകുന്ന ശബരി റെയിൽവേയ്ക്ക് 2016-17 റെയിൽവേ ബഡ്ജറ്റിൽ മതിയായ ബഡ്ജറ്റ് വിഹിതം ഉൾക്കൊള്ളിക്കാൻ ഭാരത സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

28. എന്റെ സർക്കാർ 2 ലക്ഷം രൂപ വരെ ചികിത്സാ സഹായമായി നല്കുന്ന 'കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം" മുഖേന 1.42 ലക്ഷം ജനങ്ങൾക്ക് 1200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 'കാരുണ്യ പ്ലസിൽ' നിന്നുള്ള വരുമാനവും

ഈ ഫണ്ടിന്റെ ഭാഗമാക്കിയിട്ടുണ്ട്. 2010-11 കാലയളവിൽ കേരളത്തിൽ ലോട്ടറി വില്പനയിൽ നിന്നുള്ള വരുമാനം 557 കോടി രൂപയായിരുന്നത് 2014-15 ൽ 5445 കോടി രൂപയിൽ എത്തി. ലോട്ടറി വില്പനക്കാരുടെ കമ്മീഷൻ 26 ശതമാനമായി വർദ്ധിപ്പിച്ചു.

29. എന്റെ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖല ശക്തമായ ജനാധിപത്യപ്രസ്ഥാനങ്ങളിലൊന്നായിത്തീരുകയും അത് കേരളത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് അനിവാര്യമായ ഘടകമായിത്തീരുകയും ചെയ്തിട്ടുണ്ട്. കേരളത്തെ ജൈവകൃഷിയിൽ മുൻനിരയിൽ നിൽക്കുന്നവരിൽ ഒന്നാക്കി മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി, സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള 'ജൈവ പച്ചക്കറി കൃഷി പദ്ധതി'യുടെ ഭാഗമായി, ഓരോ താലൂക്കിലും ഒരു 'സുവർണ്ണം ഷോപ്പ്' ആരംഭിക്കുന്നതാണ്.

30. എന്റെ സർക്കാർ കാർഷിക മേഖലയിൽ സുസ്ഥിര വികസനത്തിനു വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പച്ചക്കറി കൃഷി പ്രചരിപ്പിക്കുകയും ജൈവകൃഷിക്ക് ഊന്നൽ നല്കുകയും ചെയ്തത് മുഖ്യ നാഴികക്കല്ലുകളാണ്. പച്ചക്കറി വികസന പരിപാടിയുടെ ഫലപ്രദമായ നടപ്പിലാക്കൽ പച്ചക്കറികളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതിനോടൊപ്പം സാധാരണ ജനങ്ങളുടെ മനസ്സിൽ സ്വയംപര്യാപ്തതയുടേയും സ്വാശ്രയത്വത്തിന്റേയും ഒരു ബോധം സൃഷ്ടിയ്ക്കുന്നതിനും സഹായകമായി. പച്ചക്കറികളുടെ ലഭ്യതയിൽ കേരളത്തെ സ്വയം പര്യാപ്തമാക്കുന്നതിന്റെ ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമായി, പച്ചക്കറി കൃഷി നടത്തുന്ന പ്രദേശങ്ങളുടെ

വിസ്തൃതി 2011-12 കാലയളവിലുണ്ടായിരുന്ന 42,447 ഹെക്ടറിൽ നിന്ന് 2014-15-ൽ 90,533 ഹെക്ടറായി വർദ്ധിച്ചു. 8.25 ലക്ഷം ടണ്ണിൽ നിന്നും 15.32 ലക്ഷം ടണ്ണായി ഉല്പാദനവും വർദ്ധിക്കുകയുണ്ടായി. 12,400 ഹെക്ടർ ഭൂമിയിൽ കർഷകരുടെ 2479 ക്ലസ്റ്ററുകൾ മുഖേന വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തി വരുന്നു. സ്കൂൾ വിദ്യാർത്ഥികൾക്കും വനിതകൾക്കും 22 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും വീട്ടുവളപ്പിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകയും ചെയ്തു. 2016-ഓടെ കേരള സംസ്ഥാനത്തെ പൂർണ്ണമായും ജൈവസംസ്ഥാനമായി പ്രഖ്യാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ചിട്ടയായ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതും കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ലബോറട്ടറികളിൽ ശക്തിപ്പെടുത്തുക എന്നത് അതിൽ ഒന്നായിരിക്കുന്നതുമാണ്. കാസറഗോഡ് ജില്ലയ്ക്ക് 'ജൈവ കൃഷി''പദ്ധതി പ്രകാരം ഇതുവരെ നല്കിയിട്ടുള്ള സഹായം സംസ്ഥാനത്തെ മറ്റ് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ജൈവ കർഷകരുടെ ക്ലസ്റ്ററുകളുടെ രൂപീകരണം, ശേഷി വർദ്ധിപ്പിക്കൽ, 'പി.ജി.എസ്. സർട്ടിഫിക്കേഷൻ', 'ഇന്റഗ്രേറ്റഡ് ന്യൂട്രിയന്റ് മാനേജ്മെന്റ്'', 'ബ്രാൻഡ്' ചെയ്യൽ, 'ലേബൽ'ചെയ്യൽ, 'ഇക്കോഷോപ്പുകൾ', പുതിയ ലബോറട്ടറികൾ സ്ഥാപിക്കൽ, ജൈവ വളത്തിന്റെയും ബയോഫെർട്ടിലൈസറുകളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി പുതിയ ലബോറട്ടറികൾ സ്ഥാപിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തുകയും ചെയ്യുക, ജൈവകീടനാശിനിയുടെ ഗുണനിലവാരം പരിശോധി ക്കുന്നതിനായി പുതിയ

ലബോറട്ടറികൾ സ്ഥാപിക്കുക എന്നിവ ഈ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മെച്ചപ്പെട്ട കാർഷിക സമ്പ്രദായങ്ങൾ (GAP), ജൈവ ഉത്പന്നങ്ങൾക്ക് പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റംസ് (PGS ) സർട്ടിഫിക്കേഷൻ, തദ്ദേശീയമായി ഉത്പാദിപ്പിച്ച കാർഷിക ഉത്പന്നങ്ങളെ 'കേരള ബ്രാൻഡ്' ആയി ലേബൽ ചെയ്യൽ എന്നിവയാണ് ജൈവകൃഷി നയത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മറ്റു പ്രവർത്തനങ്ങൾ.

31. എന്റെ സർക്കാർ, കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യം വച്ച് 2015-ൽ പുതിയ ഒരു കാർഷിക നയം കൊണ്ടു വന്നു. കാർഷിക വികസന നയത്തിൽ മുൻഗണന നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടേയും കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള 'കേരള പെർസ്പെക്ടീവ് പ്ലാൻ-2030'ന്റെയും അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 2016-17 കാലയളവിൽ പഞ്ചായത്ത് തലത്തിൽ 'സോയിൽ റിസോഴ്സ് ഇൻവെന്ററി' തയ്യാറാക്കുന്നതിന് വിശദമായ ഒരു സോയിൽ സർവ്വേ സംസ്ഥാനത്തെ 50,000 ഹെക്ടർ ഭൂമിയിൽ നടത്തുന്നതാണ്. 'ഐ.എസ്.ആർ.ഒ.'യുമായും ഡെറാഡൂണിലെ' 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിങ്ങ്'മായും സഹകരിച്ച്, വകുപ്പ്, റിമോട്ട് സെൻസിങ് ആന്റ് ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റത്തിൽ എഡ്യൂക്കേഷൻ സാറ്റലൈറ്റ് കോഴ്സുകൾ തുടങ്ങുകയും അതേ വർഷം തന്നെ 12 ജില്ലകളിൽ പരമ്പരാഗതമായ 20 ജലാശയങ്ങൾ നവീകരിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നതുമാണ്. കീടനിരീക്ഷണത്തിനും സംയോജിത കീടനിയന്ത്രണത്തിനുള്ള

പരിസ്ഥിതി സൗഹൃദപരമായ രീതികൾ പ്രോത്സാഹി പ്പിക്കുതിനും ഓരോ ബ്ലോക്കിലും ഒന്ന് എന്ന രീതിയിൽ, 'പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ' സ്ഥാപിക്കുന്നതാണ്.

32. ക്ഷീര മേഖല, എന്റെ സർക്കാരിന്റെ കാലയളവിൽ അതിന്റെ മികച്ച പ്രകടനങ്ങളിലൊന്ന് കാഴ്ചവെക്കുകയും ആഭ്യന്തര പാലുല്പാദനത്തിൽ 83.08 ശതമാനം വർദ്ധനവ് കൈവരിക്കുകയും ചെയ്തു. 2011-ൽ സംസ്ഥാനത്തെ പാലുല്പാദനം ആഭ്യന്തര ആവശ്യകതയുടെ 67% ആയിരുന്നു. പാലിന്റെ വിലയിൽ സ്ഥിരത ഉറപ്പു വരുത്തുകയും കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. കാലിത്തീറ്റ വാങ്ങുന്നതിനായി വർഷം മുഴുവനുള്ള സബ്സിഡി കർഷകർക്ക് അനുവദിച്ചു. പാലുല്പാദനം കഴിഞ്ഞ 5 വർഷം മുമ്പുണ്ടായിരുന്ന 6.42 ലക്ഷം ലിറ്ററിൽ നിന്നും 11 ലക്ഷം ലിറ്ററായി ഉയർന്നു. 2010-11 വർഷങ്ങളിൽ അയൽസംസ്ഥാനങ്ങളിൽ നിന്നും മിൽമ ദിനംപ്രതി ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന പാൽ 6.5 ലക്ഷം ലിറ്ററിൽ നിന്നും 2.2 ലക്ഷം ലിറ്ററായി കുറഞ്ഞു. 2014-15 വർഷങ്ങളിൽ പക്ഷിപ്പനി പൊട്ടിപ്പുറപ്പെട്ടതിനെ തുടർന്ന് കുട്ടനാട്ടിലെ താറാവ് കർഷകർക്ക് കനത്ത നഷ്ടം നേരിടേണ്ടി വന്നു. ഇതിന്റെ അനന്തരഫലങ്ങൾ ഈ മേഖല ഇപ്പോഴും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. താറാവ് കൃഷി മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ നടപടിയെന്ന നിലയിൽ സംസ്ഥാനത്തെ താറാവുകൾക്കും താറാവ് കർഷകർക്കും പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ ഒരു 'ഇൻഷ്വറൻസ് പാക്കേജ്' ഏർപ്പെടുത്തുന്നതാണ്. ഇതിന്റെ പ്രാരംഭ നടപടി എന്ന

നിലയിൽ സംസ്ഥാനത്തെ താറാവ് കൃഷിക്കാരുടെ രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞു. സംസ്ഥാനത്ത് ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും ഗുണനിലവാരമുള്ള ഉത്പന്ന വിഭവങ്ങൾ ലഭ്യമാക്കുന്ന തിനുമായി, കന്നുകാലികളുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാര നിയന്ത്രണത്തിനുള്ള ഒരു സംസ്ഥാനതല 'റഫറൽ ലബോറട്ടറി', ഒരു പുതിയ 'സെൽ കൾച്ചർ വാക്സിൻ പ്രൊഡക്ഷൻ ഫെസിലിറ്റി', രണ്ടും പാലോട് സ്ഥാപിച്ചുവരുന്നതും, എന്നിവപോലുള്ള മറ്റ് പുതിയ ഉദ്യമ ങ്ങൾക്കും പുറമെ മൂന്ന് പുതിയ ആട് ഫാമുകളും ഒരു ആട് പരിപാലന യൂണിറ്റും വരും വർഷത്തിൽ സ്ഥാപിക്കുന്നതാണ്.

33. അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിലുള്ള വില യിൽ വിതരണം ചെയ്തത് വഴി വിലക്കയറ്റം നിയന്ത്രിക്കുവാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ, സപ്ലൈകോയ്ക്ക് സബ്സിഡിയായി നൽകിയ 344.31 കോടി രൂപയെ അപേക്ഷിച്ച് എന്റെ സർക്കാരിന്റെ കാലത്ത് സബ്സിഡി തുക 538.37 കോടി രൂപയായി വർദ്ധി പ്പിച്ചിട്ടുണ്ട്. സബ്സിഡി നൽകുന്ന വിഭാഗങ്ങളുടെ ഇനത്തിൽ 2014–15–ൽ അരി കൂടി ഉൾപ്പെടുത്തി 95,188 മെട്രിക് ടൺ അരി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. കുറഞ്ഞ നിര ക്കിൽ പച്ചക്കറികൾ വിതരണം ചെയ്യുന്നതിനായി ഹോർട്ടി കൾച്ചറൽ കോർപ്പറേഷന് 44.4 കോടി രൂപ നൽകിയിട്ടുണ്ട്.

34. കൺസ്യൂമർ ഫെഡിനു കീഴിലുള്ള നന്മ സ്റ്റോറു കളുടെ 20,428 വിപണന കേന്ദ്രങ്ങൾ മുഖേന പൊതു വിപണിയിലേതിനെക്കാൾ 20% വിലക്കുറവിൽ 10 ഇനം അവശ്യസാധനങ്ങൾ വിതരണം ചെയ്തു വരുന്നു. കഴിഞ്ഞ

സർക്കാർ നൽകിയ 117.71 കോടി രൂപയെ അപേക്ഷിച്ച് 254.50 കോടി രൂപ കൺസ്യൂമർ ഫെഡിന് ഇതിനകം നൽകയിട്ടുണ്ട്.

35. മദ്ധ്യകേരളത്തിലേയും ഉത്തര കേരളത്തിലെയും ഏഴ് ജില്ലകളിൽകൂടി കടന്നുപോകുന്ന അഭിമാനാർഹമായ കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ ലിക്വിഫൈഡ് നാച്വറൽ ഗ്യാസ് പൈപ്പ് ലൈൻ പുനരുജ്ജീവിപ്പിക്കുകയുണ്ടായി. ഏപ്രിൽ മാസത്തിൽ, പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ ഉൾപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള 11 ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നോഡൽ ടീമുകളെ അടിസ്ഥാന സഹായം നൽകുന്നതിനായി നിയമിക്കുകയുണ്ടായി. വില്ലേജ് ഉദ്യോഗസ്ഥരും തഹസീൽദാർമാരും ഉൾപ്പെട്ട സാധാരണ റവന്യൂ ടീമിനെ കൂടാതെ സർവ്വെയും ലാൻഡ് റിക്കോർഡ്സും ഡയറക്ടർ, അധിക സർവ്വെ ഉപകരണങ്ങളും മാനവശേഷിയും നൽകുകയുണ്ടായി. ആകെയുള്ള 503 കിലോമീറ്ററിൽ ഇതുവരെ 361 കിലോമീറ്ററിന്റെ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒരിക്കൽ ഇത് പൂർത്തീകരിച്ചു കഴിഞ്ഞാൽ, കേരളത്തിന്റെ സാമ്പത്തിക വളർച്ച പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുള്ള ശേഷി ഈ പദ്ധതിയ്ക്കുണ്ടായിരിക്കുന്നതാണ്.

36. സംസ്ഥാനത്ത് 12 ലക്ഷം ഭവനങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സംസ്ഥാന പാർപ്പിട നയം വിഭാവനം ചെയ്യുന്നു. ഇതിൽ 60% സമൂഹത്തിലെ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കായി ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിനായി നിരവധി പേർക്ക് പ്രയോജനം ലഭിക്കുന്ന 'ഗൃഹശ്രീ ഭവനപദ്ധതി', 'സാഫല്യം ഭവനപദ്ധതി',

'ഇന്നൊവേറ്റീവ് ഭവനപദ്ധതി', വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, 'സായൂജ്യം പ്ലോട്ടഡ് ഡെവലപ്പ്മെന്റ് സ്കീം' എന്നീ ഭവന പദ്ധതികൾ ഭവനനിർമ്മാണ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ മേഖലയിലെ തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി കൈത്തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു.

37. സംസ്ഥാന പാർപ്പിട നയത്തിനു കീഴിൽ ഓരോ കുടുംബത്തിനും ഒരു പാർപ്പിടം ഉറപ്പുവരുത്തുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2015-16-ലെ സംസ്ഥാന ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി മൂന്ന് പുതിയ ഭവന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്, അതായത്, ഭൂരഹിതരായ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് ബഹുനില അപ്പാർട്ടുമെന്റുകൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 'ഇന്ററസ്റ്റ് സബ്വെൻഷൻ സ്കീം', ദരിദ്രരിൽ ദരിദ്രരായവർക്ക് ഒരു പ്രത്യേക പദ്ധതി എന്നിവ. എന്റെ സർക്കാർ, മേൽപ്പറഞ്ഞ മൂന്നു പദ്ധതികൾക്ക് കീഴിൽ 1.75 ലക്ഷം വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വിവിധ വകുപ്പുകൾക്ക് കീഴിൽ നിലവിലുള്ള പദ്ധതികളിലെ വിടവ് നികത്തുകയും അവ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആയി അവയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരികയും ചെയ്യുന്നതാണ്. ആദ്യഘട്ടത്തിൽ, ഈ സാമ്പത്തിക വർഷം തന്നെ 7000 വീടുകൾ നിർമ്മിക്കുകയും ശേഷിക്കുന്നവ അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ പദ്ധതിയിടുകയും ചെയ്യുന്നു.

38. അടുത്ത വർഷം നിരവധി പരിപാടികൾ ഏറ്റെടുക്കുന്നതിനായി ഉദ്ദേശിക്കുന്നു. അതായത്, (1) ഏറ്റവും കുറഞ്ഞത് രണ്ടു സെന്റ് ഭൂമി സ്വന്തമായി കൈവശമുള്ള താഴ്ന്ന വരുമാനത്തിൽപ്പെട്ട വിഭാഗത്തിലുള്ള ആളുകൾക്ക് പ്രസ്തുത ഭൂമിയിൽ വീടു നിർമ്മിക്കുന്നതിനായി 'കാരുണ്യ വായ്പാ പദ്ധതി', (2) താഴ്ന്ന വരുമാനക്കാരുടെ വിഭാഗത്തിലുള്ള ആളുകൾക്ക് മിതമായ നിരക്കിലുള്ള ഘടക വസ്തുക്കൾ കൊണ്ട് വീട് നിർമ്മിക്കുന്നതിനായുള്ള 'ഹരിത ഭവനം വായ്പാ പദ്ധതി', (3) കേരള സ്റ്റേറ്റ് ഷെൽറ്റർ ഫണ്ട്, അതിൽ പൊതുജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിലെ സാമ്പത്തികമായും അല്ലാതെയും ദുർബ്ബലരായ വിഭാഗങ്ങളുടെ പാർപ്പിട ആവശ്യകതകൾക്കു വേണ്ടിയുള്ള 'ലോ കോസ്റ്റ് ഫണ്ടി'ന്റെ ആവശ്യകതകൾ നിറവേറ്റുന്നതിനായി ഭവന നിർമ്മാണ മേഖലയിൽ 'ഷെൽറ്റർ ഫണ്ട് സ്കീം' നടപ്പിലാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം ഒരു 'ഷെൽറ്റർ ഫണ്ട് ട്രസ്റ്റ്' രൂപീകരിക്കുന്നതാണ്, (4) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വാടക അടിസ്ഥാനത്തിൽ താമസസൗകര്യം നൽകുന്നതിനായി 'സാന്ത്വനം റെന്റൽ ഹൗസിംഗ്സ്കീം' കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. എന്റെ സർക്കാരിന്റെ കാലയളവിൽ, പലിശ ഉൾപ്പെടെ 730.67 കോടി രൂപ ഹഡ്കോയ്ക്ക് നൽകിക്കൊണ്ട് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ഋണ വിമുക്തമാക്കുകയും അത് ഓരോ കുടുംബത്തിനും ഒരു പാർപ്പിടം ഉറപ്പുവരുത്തുക എന്ന എന്റെ സർക്കാരിന്റെ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുന്നതാണ്.

39. വനപ്രദേശം സംരക്ഷിക്കുന്നതിൽ എന്റെ സർക്കാർ വളരെയധികം കർമ്മനിരതമാണ്. 2013 മുതൽ 2015 വരെയുള്ള കാലയളവിൽ കേരളത്തിലെ വനപ്രദേശങ്ങളിൽ 6.85% വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് 2015-ലെ ഇന്ത്യൻ ഫോറസ്റ്റ് സർവ്വേയുടെ റിപ്പോർട്ട് സൂചിപ്പിക്കുന്നു. വനപ്രദേശങ്ങളിലെ വർദ്ധനവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, കൂടുതൽ വൃക്ഷങ്ങൾ എന്നും അത് വ്യക്തമാക്കുന്നത് കൂടുതൽ കാർബൺ നീക്കം ചെയ്യുക, കാലാവസ്ഥാ വ്യതിയാനത്തിന്റെ മെച്ചപ്പെട്ട നിയന്ത്രണം, വലിയ തോതിലുള്ള ജലസംരക്ഷണവും മണ്ണ് സംരക്ഷണവും, വർദ്ധിതമായ ജൈവവൈവിധ്യം, വിറകുകളുടെയും തീറ്റപ്പുല്ലിന്റെയും തടിയിതര വന ഉൽപ്പന്നങ്ങളുടെയും വർദ്ധിച്ച തോതിലുള്ള ലഭ്യത എന്നതുമാണ്.

40. നമ്മുടെ ഭാവിതലമുറയുടെ നിലനിൽപ്പിനുവേണ്ടി പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ മുന്തിയ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് എന്റെ സർക്കാർ, 2014 വർഷത്തിൽ കോട്ടയത്ത് 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസ്' സ്ഥാപിച്ചിട്ടുണ്ട്, അത് രാജ്യത്ത് ഇത്തരത്തിൽ ആദ്യത്തേതാണ്. കേരള സംസ്ഥാന ജൈവവൈവിദ്ധ്യബോർഡ് "ജൈവവൈവിദ്ധ്യരഥം' എന്ന ഒരു സഞ്ചരിക്കുന്ന പ്രദർശനം സജ്ജീകരിക്കുന്നതിനും പശ്ചിമഘട്ട ജൈവവൈവിദ്ധ്യ-ദേശീയ ജൈവവൈവിദ്ധ്യ ഉദ്യാനത്തിനായി ഒരു നോളജ് ഹബ്ബും ഒരു പരമ്പരാഗത വിജ്ഞാന കേന്ദ്രവും മൂന്നാറിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് പശ്ചിമഘട്ടത്തിന്റെ ജൈവവൈവിദ്ധ്യസംരക്ഷണ കേന്ദ്രമായി പ്രവർത്തിക്കുകയും വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനുള്ള ഒരു നോളജ് ഹബ്ബായി പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. പൊതുജനങ്ങൾക്ക് പരിസ്ഥിതി

ബോധവത്കരണം നൽകുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി പരിസ്ഥിതി മ്യൂസിയവും പരിശീലനകേന്ദ്രവും സ്ഥാപിക്കു വാനും ഉദ്ദേശിക്കുന്നു. ജൈവവൈവിദ്ധ്യ സംരക്ഷണം ആവശ്യമായിട്ടുള്ള എട്ട് അതിപ്രധാന പ്രദേശങ്ങളിൽ ഒന്നായ പശ്ചിമഘട്ടത്തിന്റെ ലോക പൈതൃക ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് 'കേരള പെർസ്പെക്റ്റീവ് പ്ലാൻ-2030' പ്രധാനമായും ഊന്നൽ നൽകുന്നതാണ്.

41. എന്റെ സർക്കാർ, വനാവകാശ ആക്റ്റ് ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു. ഈ ആക്റ്റിൻ കീഴിൽ 24898 കുടും ബങ്ങൾക്ക് 33073 ഏക്കർ വിസ്തീർണ്ണത്തിലുള്ള ഭൂമിയ്ക്ക് കൈവശരേഖ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ല യിലെ ഗോലൂർ, അമ്മവയൽ സെറ്റിൽമെന്റിലെ ഗോത്രവർഗ്ഗ ക്കാരെ പുനരധിവസിപ്പിച്ച് വന്യജീവി ആവാസമേഖല വർദ്ധി പ്പിച്ചത് എന്റെ സർക്കാർ ചെയ്ത ശ്ലാഘനീയമായ പ്രവൃത്തി യാണ്. ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്. 'നാഷണൽ മിഷൻ ഓൺ ഗ്രീനിംഗ് ഇന്ത്യ' നടപ്പിലാക്കുന്നതിൽ എന്റെ സർക്കാർ കൂട്ടാ യതും സമയബന്ധിതവുമായ നടപടി സ്വീകരിച്ചിട്ടുണ്ട്. 333 കോടി രൂപയുടെ 'ഗ്രീൻ ഇന്ത്യ മിഷൻ' (GIM) പ്രോജക്റ്റ് ഭാരത സർക്കാരിന് സമർപ്പിക്കുകയും അംഗീകാരം വാങ്ങു കയും ചെയ്ത ആദ്യ എട്ട് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വനപ്രദേശങ്ങളുടെ മാത്രമല്ല വനേതര പ്രദേശങ്ങ ളുടേയും കൂടി സംരക്ഷണവും പുനരധിവാസവും ഉൾപ്പെടുന്ന പദ്ധതിയാണ് ഇത്. ജൈവവൈവിദ്ധ്യ മേഖല യിലെ ഏറ്റവും പ്രധാനപ്പെട്ട ആവാസവ്യവസ്ഥകളിൽ ഒന്നാണ് കണ്ടൽ കാടുകൾ. അവയിൽ 236 ഹെക്ടർ

വിസ്തീർണ്ണത്തിലുള്ള ഭൂമി റിസർവ്വ് വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

42. നമ്മുടെ സംസ്ഥാനത്ത് നൂതന രീതിയിലുള്ള ഒരു നഗര 'വനവൽക്കരണ പദ്ധതി' നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നഗരങ്ങൾ ഹരിതാഭമാക്കുന്നത് വർദ്ധിപ്പിക്കുന്നതിനുള്ള ഒരു തുടക്കമെന്ന നിലയിൽ ആദ്യമായി ഇത് എറണാകുളം, കോഴിക്കോട് എന്നീ രണ്ട് നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ കുറയ്ക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്. അടിസ്ഥാനമാക്കിയുള്ള 'ജാഗ്രതാ നിർദ്ദേശ സംവിധാനം' ആരംഭിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. വനങ്ങളിലെ കുറ്റകൃത്യങ്ങളിൽ കുറവ് വരുത്തുന്നതിനായി വനങ്ങളിലുണ്ടാകുന്ന എല്ലാ സംഭവങ്ങളും നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്ത് ഒരു 'സീംലെസ് വയർലെസ് നെറ്റ്വർക്ക് സംവിധാനം' ഏർപ്പെടുത്തുന്നതാണ്.

43. കേരളത്തിലെ 123 വില്ലേജുകൾ ഉൾപ്പെടുന്ന 13108 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണത്തിലുള്ള പ്രദേശം പരിസ്ഥിതിലോല പ്രദേശങ്ങളിൽ (ESA) പെടുമെന്ന് കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചത്, തദ്ദേശീയരായ ജനങ്ങളുടെ പ്രതിഷേധത്തിന് ഇടയാക്കിയപ്പോൾ, എന്റെ സർക്കാർ കസ്തൂരി രംഗൻ റിപ്പോർട്ടിൽ കൃത്യമായ നടപടി ആരംഭിക്കുകയുണ്ടായി. അതിന്റെ പ്രതികരണമായി, തോട്ടങ്ങൾ, സെറ്റിൽമെന്റുകൾ, കൃഷിസ്ഥലങ്ങൾ എന്നിവയെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ നിർവ്വചനത്തിൽ നിന്നും ഒഴിവാക്കുന്നതിനായി കേരളം

കേന്ദ്ര സർക്കാരിന് ശിപാർശ നല്കുകയുണ്ടായി. ഇതിനെ ത്തുടർന്ന്, പ്രസ്തുത പ്രദേശത്തിന്റെ വിസ്തീർണ്ണം 9994 ചതുരശ്ര കിലോമീറ്ററായി കുറവ് വരുത്തുകയുണ്ടായി. പിന്നീട്, സർവ്വെ നമ്പർ അടിസ്ഥാനമാക്കിയ ഒരു ഇ.എസ്. എ. റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.

44. ധനകാര്യവകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കിയത് കേരള സംസ്ഥാനത്തെ ഇ-ഗവേണൻസ് സംരംഭ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. കേരള സർക്കാരിന്റെ കീഴിലുള്ള ഏത് വകുപ്പിലെയും ഫയൽ നീക്കത്തിനായുള്ള ഇ-ഗവേർണൻസ് പ്ലാറ്റുഫാറത്തിന്റെ ആദ്യത്തെ പ്രധാന ഉപയോഗമായിരുന്നു ഇത്. ഫയലുകൾ തീർപ്പാക്കുന്നതിൽ ഒരു ഫലപ്രദമായ മാറ്റത്തിന് ധനകാര്യവകുപ്പ് സാക്ഷ്യം വഹിച്ചിട്ടുള്ളതും ഭൗതിക ഫയലുകളുടെ നീക്കത്തിന് 15 മുതൽ 30 വരെ ദിവസങ്ങൾ എടുത്ത സ്ഥാനത്ത് ഫയൽ പ്രോസസിങ്ങിനുള്ള സമയം ഇപ്പോൾ 1 മുതൽ 3 വരെ ദിവസങ്ങളായി കുറഞ്ഞിട്ടുള്ളതുമാണ്. ഇപ്പോൾ 95% ഫയൽ നീക്കങ്ങളും ഇ-ഓഫീസ് മുഖേനയാണ് നടന്നു വരുന്നത്. ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വഴിയുള്ള ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ചുകൊണ്ട് 5200-ൽ പരം ഫയലുകൾ മുൻ ധനകാര്യമന്ത്രി തീർപ്പാക്കിയിരുന്നു.

45. വിവിധ മരാമത്ത്‌വകുപ്പുകളിൽ കോൺട്രാക്ടർ മാരുടെ ബില്ലുകൾ പാസ്സാകാതെ കെട്ടിക്കിടക്കുന്നത് കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ ബിൽ ഡിസ്ക്കൗണ്ടിംഗ് സംവിധാനം (BDS) ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം വിവിധ ബാങ്കുകളുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള താണ്. ഈ നൂതന സംവിധാനം വഴി 1342 കോടി രൂപയുടെ

കുടിശ്ശിക നാളിതുവരെ കൊടുത്ത് തീർക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇത് വികസനപ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഒരു വലിയ പരിധി വരെ അതിന്റെ ആക്കം വീണ്ടെടുക്കുവാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം (BMS) എന്നത് 2016-17 മുതൽ പദ്ധതിയേതര എസ്റ്റിമേറ്റുകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ഒരു വെബ് അധിഷ്ഠിത ആപ്ളിക്കേഷൻ ആണ്. ഈ വെബ്പോർട്ടൽ വഴി റവന്യൂ വരുമാന പ്രകാരമുള്ള എസ്റ്റിമേറ്റുകൾ, വായ്പാ ശീർഷകങ്ങൾ, പബ്ലിക്ക് അക്കൗണ്ടിൻ കീഴിൽ വരുന്ന ഇടപാടുകൾ എന്നിവയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഈ ആപ്ലിക്കേഷൻ നടപ്പിലാക്കിയത് സംസ്ഥാനസർക്കാർ ഏറ്റെടുത്തിട്ടുള്ള ഇ-ഗവേണൻസ് സംരംഭങ്ങളിൽ മുന്നോട്ടുള്ള ഒരു വലിയ ചുവടുവയ്പാണ്. ഇത് ഡാറ്റാശേഖരണത്തിൽ കൂടുതൽ കൃത്യതയും വേഗതയും കൊണ്ടുവരികയും ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പെട്ടെന്ന് പൂർത്തിയാക്കുന്നതിന് സഹായകമാകുകയും ചെയ്യും. ഒരിക്കൽ പൂർണ്ണമായും പ്രവർത്തനസജ്ജമായി ത്തീർന്നാൽ ഈ ആപ്ലിക്കേഷൻ വഴി ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമായിത്തീരുന്നതാണ്. യഥാസമയമുള്ള പരിശോധനയ്ക്കും തുടർനടപടികൾക്കു മായി ഫിനാൻസ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) എന്നപേരിൽ ഒരു കേന്ദ്രീകൃത സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. ഇത് പരിശോധനാവിഭാഗത്തിന്റെയും ജില്ലാസ്ക്വാഡിന്റെയും എല്ലാവിധ സവിശേഷ പ്രവർത്തന ങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സിംഗിൾ

ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ആണ്. സാങ്കേതിക കാര്യങ്ങളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും പൊതുമരാമത്തു ജോലികളുടെ പരിശോധന നടത്തുന്നതിനും ടെക്നിക്കൽ ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (e-TIMS) വികസിപ്പിച്ചിട്ടുണ്ട്.

46. സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും പരസ്പരം ബന്ധിപ്പിക്കുന്ന പദ്ധതി നടന്നുവരികയാണ്. താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നതാണ് നിർദ്ദിഷ്ട കണക്ടിവിറ്റി നടപ്പാക്കുന്നതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്, അതായത്, ട്രഷറികളിൽ നിന്നും ഡാറ്റാസെന്ററുകളിലേക്ക് കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) അടിസ്ഥാനമാക്കിക്കൊണ്ടുള്ള നെറ്റ്‌വർക്ക് കണക്ടിവിറ്റി, റിയൽടൈം അടിസ്ഥാനത്തിൽ ട്രഷറികളിൽനിന്നും ഡാറ്റാസെന്ററുകളിലേക്കും തിരിച്ചുമുള്ള ഡാറ്റാകളുടെ കൈമാറ്റം, വെബ് ആർക്കിടെക്ച്ചർ വഴി പൊതുജനങ്ങൾക്ക് ഓൺലൈൻ സേവനം ലഭ്യമാക്കൽ എന്നിവ. ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നതും 2016 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതുമാണ്. ഉപയോക്താക്കൾക്ക് നെറ്റ്ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, എ.റ്റി.എം തുടങ്ങിയ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുക എന്നത് സാധ്യമാക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്കിന്റെ സേവനം വർദ്ധിപ്പിക്കുക എന്നതിനുവേണ്ടിയാണ് കോർ ബാങ്കിംഗ് സൊല്യൂഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ ശമ്പളബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുവേണ്ടി സർവ്വീസ് പേറോൾ അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററീസ് ഫോർ കേരള,

ട്രഷറി ഇൻഫർമേഷൻ സിസ്റ്റവുമായി സംയോജിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ എല്ലാ ശമ്പളബില്ലുകളും, ഗസറ്റഡും നോൺ ഗസറ്റഡും, ഓൺലൈൻ വഴിയാണ് ട്രഷറിയിൽ സമർപ്പിച്ചുവരുന്നത്. കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറി നൽകുന്നതിനുള്ള ഓൺലൈൻ ഫണ്ട് വിതരണം ഇഫക്റ്റീവ് മാനേജ്മെന്റ് ഓഫ് ലെറ്റർ ഓഫ് ക്രെഡിറ്റ് ഇഷ്യൂവൻസ് (EMLI) പൂർത്തീകരിക്കുകയും വിജയകരമായും സുഗമമായും നടന്നുവരികയുമാണ്. ധനകാര്യവകുപ്പ്, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ്, ഭാരതീയ റിസർവ്വ് ബാങ്ക്, ഏജൻസി ബാങ്കുകൾ, ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർമാർ എന്നിങ്ങനെയുള്ള മറ്റ് ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റ് കൈവരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം പ്രോജക്ട് ട്രഷറി ഡിപ്പാർട്ട്മെന്റ് അടുത്തവർഷം നടപ്പിലാക്കുവാൻ പോകുകയാണ്. ഇത് ഒരു മിഷൻ മോഡ് പ്രോജക്ടായി ദേശീയ ഇ-ഗവേണൻസ് പ്രോജക്ടിന് കീഴിലുള്ള ഒരു കേന്ദ്ര സഹായ പദ്ധതിയാണ്. പരിസ്ഥിതി സൗഹൃദ കടലാസു രഹിത ഓഫീസ് എന്ന ഉദ്ദേശ്യത്തോടെ ട്രഷറിയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും നവീകരിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു.

47. കാൻസർ ചികിത്സയ്ക്കായുള്ള 69 മരുന്നുകൾ ഉൾപ്പെടെ 585 മരുന്നുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി എല്ലാ വിഭാഗത്തിലുംപെട്ട രോഗികൾക്ക് നൽകിവരുന്നു. ഈ ആവശ്യത്തിലേക്കായി 1156 കോടി രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. മരുന്നുകളുടെ വില

നിയന്ത്രിക്കുന്നതിനായി 39 കാരുണ്യ ഫാർമസികൾ ആരംഭിക്കുകയും 20 മുതൽ 93 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിൽക്കുകയും ചെയ്യുന്നു. വിവിധ ആരോഗ്യ സംരക്ഷണ സഹായപദ്ധതികൾ ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2015-16-ലെ സംസ്ഥാനബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിയുടെ കീഴിൽ മൂന്നുലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള കുടുംബങ്ങൾ വരുന്നതാണ്. ഒരു സ്മാർട്ട് കാർഡ് വഴി 2 ലക്ഷം രൂപ വരെയുള്ള സഹായം ഗുണഭോക്താവിന് പ്രയോജനപ്പെടുത്താൻ കഴിയുന്നതും അങ്ങനെ ഇത് 42 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനകരമാകുന്നതുമാണ്. എന്റെ സർക്കാർ, അമ്മയും കുഞ്ഞും പദ്ധതി പ്രകാരം പ്രസവ സംബന്ധമായ സൗജന്യചികിത്സയും 30 ദിവസം വരെ നവജാത ശിശുസംരക്ഷണവും നടപ്പിലാക്കിയിട്ടുണ്ട്. നവജാതശിശുക്കളുടെ ജനിതക തകരാറുകൾ കണ്ടെത്തുന്നതിനുള്ള നവജാതശിശു പരിശോധനയും 59 നവജാതശിശു സംരക്ഷണകേന്ദ്രങ്ങളും 59 ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്, കൂടാതെ, 48 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ചികിത്സയും മരുന്നുകളും നൽകുന്ന സ്കൂൾ ഹെൽത്ത് പ്രോഗ്രാം 13270 സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്.

48. രോഗനിർണ്ണയസേവനങ്ങൾ സബ്സിഡിനിരക്കിലും വിശ്വാസയോഗ്യമായ പരിശോധനാഫലത്തോടെയും ലഭിക്കുന്നതിനായി ആദ്യഘട്ടത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു നഗരങ്ങളിൽ കാരുണ്യ ഡയഗ്നോസ്റ്റിക് സർവ്വീസുകൾ നടപ്പിലാക്കുന്നതിനായി സർക്കാർ

തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം കണ്ണൂർ, പാലക്കാട്, തൃശൂർ, കോട്ടയം, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ മൂന്നാമത്തേതും അവസാനത്തേതുമായ ഘട്ടം ശേഷിക്കുന്ന ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതും 2020-ഓടുകൂടി കേരളത്തിന് 'കാരുണ്യ ഡയഗ്നോസ്റ്റിക് സർവ്വീസസ്' എന്നറിയപ്പെടുന്ന മൾട്ടി സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക് ലബോറട്ടറികൾ സംസ്ഥാനത്തുടനീളം ഉണ്ടായിരിക്കുന്നതു മാണ്. കാര്യക്ഷമമായ മരുന്നുശേഖരണസംവിധാനം ഉറപ്പുവരുത്തുന്നതിനായി മരുന്നുസംഭരണശാലകളുടെ ആധുനികവൽക്കരണം, സംസ്ഥാനത്തെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം വ്യാപിപ്പിക്കൽ, തിരുവനന്തപുരത്ത് ഒരു സംസ്ഥാനതല വൈറോളജി ആന്റ് റിസേർച്ച് ലാബ് സ്ഥാപിക്കൽ, കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി ആന്റ് കാർഡിയോ തൊറാസിക് സർജറി വകുപ്പിനെ റീജിയണൽ കാർഡിയോതൊറാസിക് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുക തുടങ്ങിയ നിരവധി പുതിയ പദ്ധതികൾ 2016-17 സാമ്പത്തിക വർഷത്തേക്കായി മറ്റുള്ളവയോടൊപ്പം നിർദ്ദേശിച്ചിട്ടുണ്ട്.

49. എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രികളുള്ള ഭാരതത്തിലെ ആദ്യസംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിൽസാകേന്ദ്രങ്ങൾ ആരംഭിക്കുകവഴി കേരളം ഒരു സമ്പൂർണ്ണ ആയുർവ്വേദ സംസ്ഥാനമായും മാറിയിട്ടുണ്ട്. ആയുർവ്വേദ, യോഗ,

നാച്യൂറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ചികിത്സാവിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ ചികിത്സ ലഭ്യമല്ലാതിരുന്ന 77 സ്ഥലങ്ങളിൽ സ്ഥിരം ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

50. സുരക്ഷിത ഭക്ഷണം, ജലം എന്നിവയുടെ രംഗത്ത് മാതൃകാഗ്രാമപഞ്ചായത്തുകളാക്കുന്നതിനായി അൻപത് ഗ്രാമപഞ്ചായത്തുകളെ ദത്തെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലേയും ജനങ്ങൾക്കിടയിൽ സുരക്ഷിത ഭക്ഷണത്തെ സംബന്ധിച്ച അവബോധം നൽകൽ, ജൈവകൃഷിയുടെ പ്രോത്സാഹനം, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സർക്കാരിതര സംഘടനകൾ ഉൾപ്പെടെയുള്ള മറ്റ് ജനങ്ങൾ എന്നിവർക്കിടയിൽ ആരോഗ്യകരമായ ജീവിതരീതി പ്രോത്സാഹിപ്പിക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ സാമ്പത്തികവർഷം എല്ലാ സർക്കാർ, എയിഡഡ്, അൺ എയിഡഡ് സ്കൂളുകളിലും സ്കൂൾ ഫുഡ് സെയ്ഫ്റ്റി അവേർനസ് പ്രോഗ്രാം (SFSAP) നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ, തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിലെ 9-ാം ക്ലാസ്സിലെയും 11-ാം ക്ലാസ്സിലെയും വിദ്യാർത്ഥികൾക്ക് സെമിനാറുകൾ, ക്വിസ് പ്രോഗ്രാം, ഉപന്യാസ രചനാമൽസരം, മായംചേർക്കൽ വിദ്യാർത്ഥികൾക്കുള്ള പരിശീലനം, മായംചേർക്കൽ കണ്ടെത്തുന്നതിനുള്ള ത്വരിത പരിശോധനയ്ക്കുള്ള സാധനങ്ങൾ നൽകൽ, സുരക്ഷിത ഭക്ഷണത്തെ സംബന്ധിച്ച ബോധവൽക്കരണ പരിപാടി എന്നിവ നടത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് തീരുമാനിച്ചിട്ടുണ്ട്.

51. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഗ്രാമീണ വികസന മേഖലയിൽ എന്റെ സർക്കാർ സുപ്രധാന തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ഫണ്ടിൽ നിന്നും അധിക ബജറ്റ് തുകയായി 115.82 കോടി രൂപ വകയിരുത്തിക്കൊണ്ട്, 2011-ൽ ഏതാണ്ട് ഉപേക്ഷിച്ചിരുന്ന 155 റോഡുകളിൽ 110 റോഡുകളും പൂർത്തീകരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2013-14 -ൽ 639 കോടി രൂപ ചെലവ് വരുന്ന, 1134 കി.മീ ദൈർഘ്യത്തിൽ 415 റോഡുകൾക്ക് നമുക്ക് അനുമതി ലഭിച്ചിട്ടുള്ളതും അതിൽ 398 റോഡുകളുടെ പണി പുരോഗമിച്ചുവരികയും ശേഷിക്കുന്നവ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 570 കി.മീ. റോഡിന്റെ ഡി.പി.ആർ പ്രധാനമന്ത്രി ഗ്രാം സഡക് യോജന - 2 ഏകദേശം പൂർത്തിയായിട്ടുള്ളതും, ഈ മേഖലയിലുള്ള നമ്മുടെ തൃപ്തികരമായ പുരോഗതി കണക്കിലെടുത്തു കൊണ്ട് വേറെ 1000 കി.മീ റോഡ് കൂടി കേരളത്തിന് അനുവദിക്കുന്നത് ഭാരത സർക്കാർ പരിഗണിച്ചു വരികയുമാണ്.

52. എന്റെ സർക്കാർ, 'ആഗ്രഹിച്ച ഭൂമി' എന്നർത്ഥം വരുന്ന 'ആശിക്കും ഭൂമി' പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികളുടെ കീഴിൽ 42,225 ഏക്കർ ഭൂമി ആദിവാസി ജനവിഭാഗങ്ങൾക്ക് നൽകുകയും 25 സെന്റ് മുതൽ ഒരു ഏക്കർ വരെയുള്ള ഭൂമി അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി വഴി 524 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 184 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. ട്രൈബൽ റിഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ ഭൂരഹിത പട്ടികവർഗ്ഗ പുനരധിവാസ പദ്ധതിയിൽ 6814 കുടുംബങ്ങൾക്ക് 8971 ഏക്കർ ഭൂമി നൽകിയിരുന്നു. വനാവകാശ ആക്റ്റിന്റെ അടിസ്ഥാനത്തിൽ, വനങ്ങളിൽ താമസിച്ചുവരുന്ന 25,649 ആളുകൾക്ക്

കൈവശാവകാശ സർട്ടിഫിക്കറ്റും 33,070 ഏക്കർ ഭൂമിയും നൽകിയിട്ടുണ്ട്.

53. എന്റെ സർക്കാർ, സംസ്ഥാനത്തെ ഭവനരഹിത മത്സ്യത്തൊഴിലാളികൾക്കായി 15,000 വീടുകൾ സൗജന്യമായി നിർമ്മിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം 50,000 രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതും അത്, 100% സബ്സിഡിയായി നൽകുന്നതുമാണ്. ഈ മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കായി 2016 വർഷത്തിൽ 'ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൻ ഡെവലപ്മെന്റ് ഓഫ് ഫിഷർ ഫോക്ക്' എന്ന പദ്ധതിയുടെ കീഴിൽ ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും, മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ നൈപുണ്യപരിശീലനത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി പ്രത്യേക യത്നം നടത്തുന്നതാണ്. സീ ബാസ്സ്, പൊമ്പാനോ, കോബിയ, വണ്ണാമി പ്രോൺ, എസ് പി എഫ് ടൈഗർ പ്രോൺ, ക്രാബ് തുടങ്ങിയവയുടെ കൃഷിക്കായുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിനായി മാതൃകാ അക്വാകൾച്ചർ ഫാമുകൾ പ്രോൽസാഹിപ്പിക്കുന്നതാണ്. മത്സ്യങ്ങളുടെ കൂടുകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി കായലുകൾ, ജലസംഭരണികൾ, ഓരുജലം എന്നിവയിൽ 'അക്വാകൾച്ചർ പാർക്കുകൾ സ്ഥാപിക്കുന്നതാണ്.

54. എന്റെ സർക്കാർ, 'സീറോ ലാൻഡ് ലെസ്' പദ്ധതി പ്രകാരം 43,437 കുടുംബങ്ങൾക്ക് മൂന്നുസെന്റ് ഭൂമി വീതം നൽകിയിട്ടുണ്ട്. കണ്ണൂർ, കാസറഗോഡ്, ഇടുക്കി എന്നീ ജില്ലകൾ രാജ്യത്തെ ആദ്യത്തെ 'സീറോ ലാൻഡ് ലെസ്' ആയി മാറിയിട്ടുണ്ട്. നാലുവർഷത്തിനകം 1,48,345 ആളുകൾക്ക്

പ്രമാണപത്രങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്തിയ റവന്യൂ അദാലത്തുകളിൽ ലഭിച്ച 4.72 ലക്ഷം പരാതികളിൽ 3.86 ലക്ഷം പരാതികൾ പരിഹരിച്ചിട്ടുണ്ട്. ഭൂമി രജിസ്റ്റർ ചെയ്തതിനുശേഷം അടുത്ത ദിവസം തന്നെ പോക്കുവരവ് ചെയ്യുന്നതിനായുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ചെയ്യുന്ന തീയതി മുതൽ 30 ദിവസം വരെയുള്ള കാലയളവിന്ശേഷം മാത്രമേ മുൻപ് ഇത് അനുവദിച്ചിരുന്നുള്ളു.

55. ഏകീകൃത ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ ഇപ്പോൾ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള 420 വില്ലേജുകളിൽ 31/03/2016 - ഓടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരികയുമാണ്. വില്ലേജാഫീസുകളിൽ വേഗതയുള്ളതും നൂതനവും വിശ്വാസ്യവും ഉത്തരവാദിത്വമുള്ളതും സുതാര്യവുമായ ഓഫീസ് അന്തരീക്ഷം ലഭ്യമാക്കുന്നതിനായി സ്മാർട്ട് റവന്യൂ ഓഫീസുകൾ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആദ്യഘട്ടമായി പതിനാല് വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ II-ഉം III-ഉം ഘട്ടങ്ങളിലായി 20 വില്ലേജ് ഓഫീസുകൾ കൂടി നിർമ്മിച്ചുവരുന്നു.

56. ആകെയുള്ള 1641 വില്ലേജുകളിൽ 842 വില്ലേജുകളുടെ റീസർവേ, സർവെയും ഭൂരേഖയും വകുപ്പ് പൂർത്തിയാക്കിയിട്ടുള്ളതും ബന്ധപ്പെട്ട രേഖകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. ശേഷിക്കുന്ന വില്ലേജുകളിൽ റീസർവേ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരി

ച്ചുവരുന്നു. ലാന്റ് റെക്കോർഡ് മെയിന്റനൻസ് ഹർജികൾ
'ഭുവനം' പദ്ധതിയുടെ കീഴിൽ സമയബന്ധിതമായി തീർപ്പാ
ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ വകു
പ്പിന്റെ കേരള ലാന്റ് ഇൻഫർമേഷൻ മിഷനിലൂടെ നാഷണൽ
ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം
(NLRMP) പ്രകാരം സർവെയും ഭൂരേഖയും വകുപ്പിന്റെ ഡിജി
റ്റൈസേഷൻ പ്രവൃത്തികളും കഡസ്ട്രൽ സർവേയുടെ നവീ
കരണവും നടപ്പിലാക്കിവരുന്നു. 12 ജില്ലകളിൽ ജില്ലാ ഡിജി
റ്റൈസേഷൻ കേന്ദ്രങ്ങൾ (DDC) സ്ഥാപിക്കൽ, സെൻട്രൽ
സർവേ ഓഫീസ് (തിരുവനന്തപുരം)-ൽ സെൻട്രൽ മോഡേൺ
റെക്കോർഡ് റൂം സ്ഥാപിക്കൽ, 14 ജില്ലകളിൽ ഡിസ്ട്രിക്ട്
മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കൽ, പഴയ സർവ്വേ രേഖ
കളുടെ സൂക്ഷിപ്പിനും ഡിജിറ്റൈസേഷനുമായുള്ള ഇ-രേഖ
പദ്ധതി എന്നിവ ഈ പദ്ധതിയുടെ പ്രധാന നേട്ടങ്ങളാണ്.
ഇ-രേഖ സോഫ്റ്റ്വെയർ മുഖേന സർവേരേഖകൾ യഥാസ
മയം നൽകുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് ഗേറ്റ്വേ
സമ്പ്രദായം സാധ്യമാക്കുന്നതിനും വിഭാവനം ചെയ്യുന്നുണ്ട്.
ഇടുക്കിയിലെ ഗോത്രവർക്ഷ പഞ്ചായത്തായ ഇടമലക്കുടിയിലെ
ഫോറസ്റ്റ് സർവേ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന്
വരുന്ന വർഷം ഏറ്റവും മുൻഗണന നൽകുന്നതാണ്.

57. എന്റെ സർക്കാർ ഈ വർഷം നടപ്പിലാക്കുന്ന 2015
-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും)
ആക്റ്റ്, ഒരു ക്രയവസ്തു എന്ന നിലയിൽ കെട്ടിടങ്ങളുടെയും
പ്ലോട്ടുകളുടെയും ഇടപാടിൽ കൊണ്ടുവരുന്ന സുതാര്യതയും
ഉത്തരവാദിത്വവും സംസ്ഥാന റിയൽ എസ്റ്റേറ്റ് മേഖലയുടെ

ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. സംസ്ഥാന, ജില്ലാ/ മേഖലാ തലത്തിലും പ്രാദേശിക തലത്തിലും സ്ഥല സംബന്ധമായ വികസനത്തിനുവേണ്ടി പദ്ധതി തയ്യാറാക്കുന്ന തിനായി വ്യവസ്ഥ ചെയ്യുന്ന ഒരു ഏകീകൃത നിയമനിർമ്മാണം ജനാധിപത്യ പശ്ചാത്തലത്തിൽ ഭൗതിക ആസൂത്രണം സാമ്പത്തിക ആസൂത്രണവുമായി എങ്ങനെ സമന്വയിപ്പിക്കാൻ കഴിയുമെന്ന് തെളിയിക്കുന്നതാണ്.

58. സ്തുത്യർഹമായ രീതിയിൽ 35-ാമത് ഗെയിംസ് സംഘടിപ്പിച്ചതിന് കേരളം പ്രശംസ നേടുകയുണ്ടായി. കേരളത്തിലെ 7000 കേന്ദ്രങ്ങളിൽ നടത്തിയ 'റൺ കേരള റൺ' എന്ന പരസ്യപ്രചാരണ പരിപാടിയിൽ 1.52 കോടി ജനങ്ങൾ ഭാഗഭാക്കാവുകയും ആയത് ലിംകാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ സ്ഥാനം നേടുകയും ചെയ്തു. ദേശീയ ഗെയിംസിന്റെ ഭാഗമായി ഒൻപത് കളിസ്ഥലങ്ങൾ നിർമ്മിക്കുകയും 17 എണ്ണം നവീകരിക്കുകയും ചെയ്തു. ഇന്ത്യയിൽ ആദ്യമായി പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ തിരുവനന്തപുരത്ത് ഒരു ഗ്രീൻഫീൽഡ് സ്റ്റേഡിയം സ്ഥാപിച്ചു. കൂടാതെ, ഇന്ത്യയിൽ ആദ്യമായി മാലിന്യരഹിത രീതിയിൽ ദേശീയ ഗെയിംസ് നടത്തുകയുണ്ടായി. കേരളത്തിലെ എല്ലാ മെഡൽ ജേതാക്കൾക്കും ക്യാഷ് അവാർഡും ജോലിയും നൽകി. എന്റെ സർക്കാരിന്റെ അസാധാരണമായ സംഘാടകശേഷി കണക്കിലെടുത്ത് ദേശീയ സ്കൂൾ കായിക മീറ്റിന്റെ ആതിഥേയരാകുവാൻ നമ്മളോട് അഭ്യർത്ഥിച്ചിരുന്നു. ദേശീയ ഗെയിംസിന്റെ മഹത്തായ വിജയത്തിൽ നിന്നും ആർജ്ജിച്ച ആത്മവിശ്വാസത്തോടെ ആ വെല്ലുവിളി നമ്മൾ സ്വീകരിച്ചു.

59. കൂടാതെ, 2015-16-ലും അതിനടുത്ത വർഷവും അത്‌ലറ്റിക്സിനും ബാസ്ക്കറ്റ്ബോളിനും വോളീബോളിനും തായ്കൊണ്ടോയ്ക്കും നീന്തലിനും സൈക്കിളിംഗിനും പദ്ധതി ബാധകമാക്കിക്കൊണ്ട് ധിഷണാശാലികളായ കായികതാരങ്ങൾക്കുള്ള വിശിഷ്ടപരിശീലനത്തിന് ഊന്നൽ നൽകുന്ന കാര്യം കായികവകുപ്പ് ഉറപ്പ് വരുത്തിയിട്ടുണ്ട്. എന്റെ സർക്കാർ, തിരുവനന്തപുരത്തുള്ള സിമുലേറ്റഡ് ഹൈ ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. തൃക്കരിപ്പൂരിലെ സിന്തറ്റിക് ഫുട്ബോൾ ടർഫും പാലക്കാട്ടെ സിന്തറ്റിക് ട്രാക്കും പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. അന്താരാഷ്ട്ര കായികതാരമായ അഞ്ജു ബോബി ജോർജ്ജിന്റെ കീഴിലുള്ള, പുനഃസംഘടിപ്പിക്കപ്പെട്ട സ്പോർട്സ് കൗൺസിൽ കായിക വികസന മേഖലയുടെ കുതിപ്പിന് ഇട നൽകുന്നതാണ്. കോട്ടയത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആക്റ്റീവ് ലേണിംഗ് ആന്റ് റിസർച്ച് (ISPARK) സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ജി.വി. രാജ സ്പോർട്സ് സ്കൂളും കണ്ണൂർ സ്പോർട്സ് ഡിവിഷനും കായിക വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുവാനും ഉദ്ദേശിക്കുന്നു. യുവജനങ്ങളാണ് ഒരു സംസ്ഥാനത്തിന്റെ പ്രതീക്ഷയും ഭാവിയും. നമ്മുടെ കരുത്തരായ യുവജനങ്ങൾക്ക് ശരിയായ നിർദ്ദേശം നൽകുന്നതിന് കേരള സംസ്ഥാന യുവജനകമ്മീഷനും കേരള സംസ്ഥാന യുവജന ക്ഷേമബോർഡും വിവിധതരത്തിലുള്ള നൂതന പരിപാടികൾ മുഖേന ബൃഹത്തായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അത്തരത്തിലുള്ള ഒരു ഉത്തമ ഉദാഹരണമാണ് യുവജന ക്ഷേമബോർഡ് ആരംഭിച്ച സമഗ്ര രക്തദാന പരിപാടിയായ

ജീവദായിനി, അത് സ്വമേധയാ രക്തദാനം ചെയ്യുന്ന വളരെ യേറെപ്പേർ ഉൾപ്പെടുന്ന ലോകത്തിലെ ആദ്യത്തെ ഓൺലൈൻ ഡയറക്ടറിയാണ്. സ്വമേധയാ രക്തദാനം ചെയ്യുന്ന ഒരു ലക്ഷ ത്തിലധികം യുവജനങ്ങൾ ഇതിനകംതന്നെ 'ബ്ലഡ് ഹീറോസ്' ആയി ഡയറക്ടറിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

60. വാണിജ്യനികുതി വകുപ്പ് നടപ്പ് വർഷം നിരവധി പ്രധാന ഐ.റ്റി. സംരംഭങ്ങൾ, അതായത്, സ്വന്തം ആവശ്യ ത്തിനായി അയച്ച ചരക്കിന് ഓൺലൈൻ ഫാറം 16, പാഴ്സൽ നീക്കങ്ങൾക്ക് ഇ-ഡിക്ലറേഷൻ, വെർച്ച്വൽ ഐ.റ്റി. കേഡറി ന്റെയും ജി.പി.എസ്. അടിസ്ഥാനത്തിലുള്ള നിരീക്ഷണ സംവി ധാനത്തിന്റെയും രൂപീകരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്കായി ഉദ്ദേശിച്ചിട്ടുള്ള പ്രധാന ഐ.റ്റി. സംരംഭങ്ങളിൽ ഇനിപറയുന്നവ, അതായത്, നികുതിപിരിവ് വർദ്ധിപ്പിക്കുന്നതിനായി ഡാറ്റാ അനാലിസിസും റവന്യൂ ഫോർകാസ്റ്റിംഗും സംവിധാനം, എല്ലാ ചെക്ക് പോസ്റ്റുകളി ലേയ്ക്കും ഓൺലൈൻ ബന്ധം സ്ഥാപിക്കൽ, എല്ലാ തത്പ്പര കക്ഷികൾക്കും തത്സമയ സഹായം നൽകുന്നതിനായി ജി.എസ്.റ്റി. സോഫ്റ്റ്‌വെയർ കാൾസെന്റർ സപ്പോർട്ട് എന്നിവ തയ്യാറാക്കിവരികയാണ്.

61. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത 473 സൈ നികർക്കും പങ്കെടുത്തവരുടെ 1529 വിധവകൾക്കും 2015-16 സാമ്പത്തിക വർഷം സൈനികക്ഷേമ വകുപ്പ് വഴി ധനസഹായം നൽകിവരുന്നു എന്നുപറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. കേരള സ്റ്റേറ്റ് എക്സ്സർവ്വീസ്മെൻ ഡെവലപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷന് (KEXCON) മുൻ സൈനികരെയും അവരുടെ ആശ്രിതരെയും

(ESM) വിവിധ ജോലികൾക്കായി സ്പോൺസർ ചെയ്യാനും
അങ്ങനെ KEXCON മുഖേന സ്പോൺസർ ചെയ്യപ്പെട്ട മുൻ
സൈനികരുടെയും അവരുടെ ആശ്രിതരുടെയും (ESM) ആകെ
എണ്ണം 2800 ആക്കാനും സാധിച്ചു. 2013-14 വർഷത്തെ
ബി.പി.ഇ. റിപ്പോർട്ട് പ്രകാരം ഈ കോർപ്പറേഷൻ ക്ഷേമ
കോർപ്പറേഷനുകളിൽ ഒന്നാം സ്ഥാനത്തും സംസ്ഥാനത്തൊ
ട്ടാകെയുള്ള പി.എസ്സ്.യു.-കളിൽ മൊത്തത്തിൽ ആറാം
സ്ഥാനത്തും എത്തുകയുണ്ടായി.

62. ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, മറ്റനവധി
പദ്ധതികൾക്കൊപ്പം ചെറുവത്തൂരിലെ മത്സ്യബന്ധന തുറ
മുഖവും തിരുവനന്തപുരം ജില്ലയിലെ പെരുമാതുറ-താഴംപള്ളി
പാലവും ഉൾപ്പെടെയുള്ള പല പദ്ധതികളും വിജയകരമായി
പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന്
വിധേയമായി 2016-17 വർഷം ആരംഭിക്കാനിരിക്കുന്ന വലിയ
തുറ, വർക്കല, ചിലക്കൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ
പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ, വേളിയിലെ കടൽഭിത്തി
നിർമ്മാണം എന്നിവ ഉൾപ്പെടെയുള്ള പല പുതിയ പദ്ധതി
കളും ആവിഷ്ക്കരിച്ചുവരികയാണ്.

63. കേരളത്തിന്റെ സാമ്പത്തിക വികസനത്തിനായി ഒരു
വലിയ പരിധിവരെ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന
പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി എന്റെ
സർക്കാർ എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. 2015-ലെ പ്രവാസി
ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ്,
പ്രവാസികളുടെ വസ്തുവകകളും താത്പര്യങ്ങളും സംരക്ഷി
ക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പ്പാണ്. വിവിധ സാഹ
ചര്യങ്ങളിൽ കേരളത്തിലേയ്ക്ക് മടങ്ങിവരുന്ന കേരളീയരെ

പുനരധിവസിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾ നോർക്ക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. എന്റെ സർക്കാർ, ഇറാഖ്, ലിബിയ, യെമൻ പോലുള്ള യുദ്ധബാധിത രാജ്യങ്ങളിൽ കുടുങ്ങിപ്പോയ 3835 ആളുകളെ സുരക്ഷിതരായി തിരികെ വീട്ടിലെത്തുവാൻ സഹായിച്ചു. അതിനായി 1.43 കോടി രൂപ ചെലവഴിച്ചു.

64. എന്റെ സർക്കാർ, ജമ്മുകാശ്മീരിലെയും, ഉത്തരാഖണ്ഡിലെയും, തമിഴ്നാട്ടിലെയും മലയാളികൾക്ക് വെള്ളപ്പൊക്കസമയത്തും അവർക്ക് സുരക്ഷിതരായി തിരികെ വീട്ടിലെത്തുന്നതിനും സഹായം നൽകിയിരുന്നു.

65. എന്റെ സർക്കാർ, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള അതിന്റെ പ്രതിജ്ഞാബദ്ധതയിൽ, 1466 കോടി രൂപ ചെലവ് വരുന്ന നാല് ബൈപാസുകളുടെ സമീപകാല പൂർത്തീകരണം, 145 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള 28.1 കി.മീ. നീളമുള്ള കോഴിക്കോട് ബൈപാസിന്റെ 18 മാസം കൊണ്ടുള്ള പൂർത്തീകരണം എന്നിവ കൈവരിച്ചിട്ടുണ്ട്. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ബൈപാസുകൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്.

66. എന്റെ സർക്കാർ, രാജ്യത്തെ ഏറ്റവും കൂടുതൽ നഗരവത്ക്കരിക്കപ്പെട്ട സംസ്ഥാനമാണ് കേരളം എന്ന നിലയിൽ, നഗരസവിശേഷതകൾ കൈവരിച്ചിട്ടുള്ള 28 പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കിമാറ്റുകയും കണ്ണൂർ മുനിസിപ്പാലിറ്റിയെ കോർപ്പറേഷൻ പദവിയിലേക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്. 15 ബി ഗ്രേഡ് മുനിസിപ്പാലിറ്റികളെ എ ഗ്രേഡായും 17 സി ഗ്രേഡ് മുനിസിപ്പാലിറ്റികളെ ബി ഗ്രേഡായും ഉയർത്തിയിട്ടുണ്ട്.

67. എന്റെ സർക്കാർ, ഭരണ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി '12 താലൂക്കുകളും 31 വില്ലേജുകളും പുതുതായി രൂപീകരിച്ചു. തുടർച്ചയായ പരിഷ്കാരങ്ങൾക്ക് പ്രതിജ്ഞാബദ്ധമായ എന്റെ സർക്കാർ, വർഷങ്ങളായി റവന്യൂ ഭൂമിയിൽ താമസിക്കുന്ന ആളുകൾക്ക് പ്രമാണപത്രങ്ങൾ നൽകുന്നതിനായി നിയമങ്ങൾ ഭേദഗതി ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കുന്നതാണ്.

68. സംസ്ഥാനത്തെ ഏക ദേശീയ ജലപാതയായ 205 കി.മീ കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഉദ്ഘാടനത്തിനായി തയ്യാറായി വരുന്നു. ചരക്ക് ഗതാഗതം ആരംഭിക്കുന്നതിനായി ഉദ്യോഗമണ്ഡലിലും ചവറയിലും സ്ഥിരം ബർത്തുകൾ നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

69. 3000 കോടി രൂപയുടെ ജപ്പാൻ കുടിവെള്ള പദ്ധതി തിരുവനന്തപുരത്തും കൊല്ലത്തെ മീനാടും ചേർത്തലയിലും കോഴിക്കോടും കണ്ണൂരിലെ പട്ടുവത്തും വിജയകരമായി നടപ്പിലാക്കി. ഈ പദ്ധതിയിൽ നിന്നും 41 ലക്ഷം ജനങ്ങൾക്ക് പ്രയോജനമുണ്ടായി.

70. സംസ്ഥാനത്തിന്റെ ജി.ഡി.പി-യിലേയ്ക്ക് സംഭാവന ചെയ്യുന്ന കാര്യത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് രണ്ടാം സ്ഥാനത്താണ്, അതായത് 10%. 2011-14-ൽ സംസ്ഥാനം 4.53 കോടി വിനോദസഞ്ചാരികളെ സ്വീകരിക്കുകയും അതിലൂടെ 87,754 കോടി രൂപയുടെ വരുമാനം സ്വായത്തമാക്കുകയും ചെയ്തു.

71. എന്റെ സർക്കാർ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന 1.40 ലക്ഷം ജനങ്ങൾക്ക് 1003.83 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കീഴിലുള്ള പരിവർത്തിത ക്രിസ്ത്യൻ വികസന കമ്മീഷൻ 10,534 പേർക്ക് 28.09 കോടി രൂപയുടെ വായ്പ നൽകുകയുണ്ടായി.

72. സഹകരണ സംഘങ്ങളിലേയ്ക്കും, ബാങ്കുകളിലേയ്ക്കും നൽകാനുള്ള വായ്പാ കുടിശ്ശിക കുറയ്ക്കുകയും വായ്പാതിരിച്ചടവ് മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ 'ആശ്വാസ് പദ്ധതി' സമാരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കുടിശ്ശിക ഇനത്തിൽ 6082.19 കോടി രൂപ സമാഹരിക്കുകയും 935.14 കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകുകയും ചെയ്തു.

73. എന്റെ സർക്കാർ, 212 കോടി രൂപ ചെലവ് വരുന്ന മൂന്ന് മേൽപ്പാലങ്ങൾ, അതായത്, പാലാരിവട്ടത്തെയും ഇടപ്പള്ളിയിലെയും മേൽപ്പാലം, കോട്ടയം പട്ടണത്തിലെ കഞ്ഞിക്കുഴി മേൽപ്പാലം എന്നിവ 18 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. വിവിധ ജില്ലകളിലായി 245 പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്റെ സർക്കാരിന്റെ കാലയളവ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാലങ്ങളുടെ നിർമ്മാണത്തിന് സാക്ഷ്യം വഹിക്കുകയുണ്ടായി.

74. 2015 ഒക്ടോബർ 31 വരെ 1,39,192 ആളുകൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകിയിട്ടുണ്ട്, ആയത്

എന്റെ സർക്കാർ കൈവരിച്ച ഒരു സർവ്വകാല റെക്കോർഡാണ്.
അഞ്ച് വർഷത്തെ ഒരിടവേളയ്ക്ക്ശേഷം ഭിന്നശേഷിയുള്ള 1182
പേർക്ക് ജോലി നൽകുകയുണ്ടായി.

75. എന്റെ സർക്കാരിന്, കെ.എസ്.റ്റി.പി.-യുടെ രണ്ടാം
ഘട്ട പദ്ധതിക്കായി 2403 കോടി രൂപയുടെ ലോക ബാങ്ക്
സഹായം ലഭിച്ചു. ഈ പദ്ധതിയുടെ കീഴിൽ 363 കിലോ
മീറ്ററിൽ ഒൻപത് റോഡുകൾ അന്താരാഷ്ട്ര നിലവാരപ്രകാരം
വികസിപ്പിച്ചുവരുന്നു. ഈ പദ്ധതി 2018 സെപ്തംബറോടു
കൂടി അവസാനിക്കുന്നതാണ്. 3272 കോടി രൂപയുടെ ആറ്
പ്രധാന റോഡുകളുടെ നിർമ്മാണത്തോടെ, രാമപുരം-
നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി- വെട്ടത്തുകവല-
കറുകച്ചാൽ റോഡ്, കരമന-കളിയിക്കാവിള ദേശീയപാത, കുറ്റി
പ്പുറം-പുതുപൊന്നാനി റോഡ്, വല്ലാർപ്പാടം-കോഴിക്കോട്
തീരദേശ റോഡ്, എയർപോർട്ട്-തുറമുഖ റോഡ് എന്നീ റോഡു
കൾ കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ഒരു മുതൽ
ക്കൂട്ട് ആയിത്തീർന്നിട്ടുണ്ട്.

76. എന്റെ സർക്കാർ, അഞ്ചു വർഷ കാലയളവിൽ
പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 24,000 കോടി രൂപ
പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ട് ഒരു സർവ്വകാല
റെക്കോർഡ് സ്ഥാപിച്ചു. ദേശീയതലത്തിൽ അധികാര വികേ
ന്ദ്രീകരണത്തിന്റെയും ജനാധിപത്യ ശാക്തീകരണത്തിന്റെയും
പ്രവർത്തനങ്ങളിൽ' കേരളം 2011-2012-ലും
2013-2014-ലും രണ്ടാമതും 2012-13-ൽ' മൂന്നാമതും 2014-2015
-ൽ ഒന്നാമതും എത്തിയിരിക്കുന്നു. കൊല്ലം ജില്ലാ
പഞ്ചായത്ത് സമഗ്ര ക്ഷേമ വികസന പ്രവർത്തനങ്ങൾക്കുള്ള
ദേശീയ പുരസ്കാരം കരസ്ഥമാക്കി. ഇടുക്കി, വെളിയനാട്

ബ്ലോക്ക് പഞ്ചായത്തുകളും നാദാപുരം, കവിയൂർ, മരങ്ങാട്ടുപള്ളി, മണീട്, ഇരവിപേരൂർ ഗ്രാമപഞ്ചായത്തുകളും ദേശീയ അവാർഡുകൾ നേടിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ഡിജിറ്റൈസേഷനിലും കേരളം ദേശീയ പുരസ്കാരം നേടുകയുണ്ടായി.

77. എന്റെ സർക്കാർ, കുടുംബശ്രീയെ ഉന്നതിയിലേയ്ക്ക് എത്തുവാൻ പ്രാപ്തമാക്കി. ഉദാഹരണത്തിന്, ഈ വർഷം കുടുംബശ്രീ ദേശീയതലത്തിന് അപ്പുറത്ത് അന്താരാഷ്ട്ര തലത്തിലേക്ക്, അതായത് ദക്ഷിണാഫ്രിക്കയും എത്യോപ്യയും ഉൾപ്പെടുന്ന രാജ്യങ്ങളിൽ, അതിന്റെ സാന്നിദ്ധ്യം ഉറപ്പിച്ചിട്ടുണ്ട്. കുടുംബശ്രീയിലെ സ്ത്രീകൾ ഇപ്പോൾ വളരെയധികം ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്, അവർ ഇപ്പോൾ മറ്റ് പലതിനും പുറമെ, 18 വയസ്സിന് താഴെയുള്ള ബുദ്ധിപരമായി വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള 62 ബഡ്സ് സ്കൂളുകളും കുറ്റകൃത്യം ഇല്ലാത്ത അന്തരീക്ഷം ഉറപ്പാക്കുന്നതിന് ജൻഡർ കോർണറുകളും തുടങ്ങുക, എന്നിങ്ങനെ സമൂഹത്തിലെ എല്ലാ മേഖലകളിലേയ്ക്കും വലിയ രീതിയിൽ സംഭാവനകൾ നൽകി വരുന്നു. എല്ലാവർക്കും പാർപ്പിടം, രാജീവ് ആവാസ് യോജന, സംയോജിത ഭവന-ചേരി വികസന പദ്ധതി എന്നിവ പോലുള്ള വിവിധ പദ്ധതികളിലൂടെ ധാരാളം വീടുകൾ നിർമ്മിച്ചുവരുന്നു.

78. ശുചിത്വമിഷന്റെ വിവിധ പ്രയത്നങ്ങളിലൂടെ ശുചിത്വത്തിനുവേണ്ടിയുള്ള ഒരു ജനകീയ മുന്നേറ്റം 2014 ജൂൺ 5-ന് ആരംഭിച്ചിട്ടുണ്ട്. മാലിന്യത്തിൽ നിന്നും നമ്മുടെ മോചനത്തിനായുള്ള പോരാട്ടത്തിനായി ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടുവരുന്ന ഗ്രീൻ പ്രോട്ടോകോൾ, ഡെയർ റ്റു

ക്ലീൻ ചലഞ്ച്, മൈ വേസ്റ്റ് മൈ റെസ്പോൺസിബിലിറ്റി എന്നീ
മാതൃകാപരമായ പ്രചാരണപ്രവർത്തനങ്ങൾ മിഷൻ
സംഘടിപ്പിച്ചിട്ടുണ്ട്. സീറോ വേസ്റ്റ് നാഷണൽ ഗെയിംസ്,
ഓൺലൈൻ ഡാറ്റാ ബേയ്സ് ഓഫ് ദി ഇൻഫോർമൽ
റീസൈക്ലിംഗ് സെക്റ്റർ, സംസ്ഥാനതലത്തിൽ സ്ക്രാപ്
ഡീലേഴ്സിനുള്ള രജിസ്ട്രേഷൻ സംവിധാനം, സർക്കാർ
ആഭിമുഖ്യത്തിലുള്ള സ്വാപ്പ് ഷോപ്പുകൾ, ഗ്രീൻ ഇലക്ഷൻ
എന്നിവ ഉൾപ്പെടെ സംഘടിപ്പിച്ചുകൊണ്ട് അങ്ങനെ പലതും
രാജ്യത്തെ ആദ്യത്തേതായി മിഷൻ ചെയ്തിട്ടുണ്ട്.
സംസ്ഥാനത്ത് ആദ്യമായി ഖര-ദ്രവ്യ മാലിന്യസംസ്കരണത്തി
നുള്ള ഒരു സമഗ്രതന്ത്രവുമായി മിഷൻ മുന്നോട്ട് വന്നിട്ടുണ്ട്.
മിഷന്റെ തുടർച്ചയായ പ്രയത്നങ്ങളുടെ ഫലമായി ഉത്തര
വാദിത്വമുള്ള മാലിന്യസംസ്കരണത്തിന്റെ മറ്റൊരു വിജയ
കഥ കൂടി ഉടൻ തന്നെ ലോകത്തിനു മുന്നിൽ കേരളം
അവതരിപ്പിക്കുവാൻ പോകുകയാണ്.

79. രാജ്യത്ത് നിലവിലില്ലെങ്കിൽ, ആദ്യത്തേതായി
സംസ്ഥാനത്ത് കൊച്ചിയിൽ കക്കൂസ് മാലിന്യ സംസ്ക്കരണ
പ്ലാന്റ് നിർമ്മിക്കുകയും അങ്ങനെയുള്ള പ്ലാന്റുകൾ കേരള
ത്തിലെ എല്ലാ ജില്ലകളിലും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്
എന്ന് പറയുന്നതിൽ എന്റെ സർക്കാർ അഭിമാനം കൊള്ളു
ന്നു. തിരുവനന്തപുരത്തെ മുട്ടത്തറയിൽ പ്രതിദിനം 107
ദശലക്ഷം ലിറ്റർ ശേഷിയോട് കൂടിയ 100 കോടി രൂപയുടെ
മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
കോഴിക്കോട്, കൊച്ചി, കൊല്ലം എന്നിവിടങ്ങളിലും പ്ലാന്റുകൾ
സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാ
തെ, സംസ്ഥാനത്ത് ആദ്യമായി കൊച്ചിയിലെ ബ്രഹ്മപുരത്ത്

അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മാലിന്യ ഊർജ്ജ പ്ലാന്റ് സ്ഥാപിക്കുവാൻ പോകുന്നതും അതിനുള്ള എല്ലാ ടെൻഡർ നടപടികളും പൂർത്തിയാക്കിയിട്ടുള്ളതാണ്.

80. പൂർണ്ണമായും മാലിന്യം കൈകാര്യം ചെയ്യുന്നതിനും സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വേണ്ടി സമർപ്പിക്കപ്പെട്ട ക്ലീൻ കേരള കമ്പനിയുടെ രൂപീകരണത്തിന് എന്റെ സർക്കാർ സാക്ഷ്യം വഹിക്കുകയുണ്ടായി. പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പണം നൽകി സംഭരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ആദ്യ പ്ലാസ്റ്റിക് സംസ്ക്കരണ പ്ലാന്റ് കൊച്ചി കോർപ്പറേഷനിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

81. എന്റെ സർക്കാർ ആരംഭിച്ച 'അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി' 1,62,703 പ്രവൃത്തി ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

82. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ (PPP) നടപ്പാക്കുന്നതിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രയത്നത്തിന്റെ ഭാഗമായി ഈ ആവശ്യത്തിലേക്ക് മാത്രമായുള്ള ഒരു മിഷൻ, പാർട്നർ കേരള മിഷൻ എന്ന പേരിൽ എന്റെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇത് നഗര തദ്ദേശ സർക്കാരുകളുടെയും വികസന അതോറിറ്റികളുടെയും പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ്. രണ്ട് പദ്ധതികൾ, അതായത്, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ മീഞ്ചന്തയിൽ ഒരു മൊബിലിറ്റി ഹബ്ബ്, കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലെ കച്ചേരിപ്പടിയിൽ ഒരു മൾട്ടി ലെവൽ കാർ പാർക്കിംഗ് ആന്റ്

ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ രണ്ടു മാസത്തിനുള്ളിൽ ആരംഭിക്കുന്നതാണ്. മൂന്ന് അറവുശാലകൾ ഉൾപ്പെടെ അഞ്ച് പദ്ധതികൾ കൂടി 2016 മാർച്ച് 31-ന് മുമ്പായി ആരംഭിക്കുന്നതാണ്.

83. സംസ്ഥാനത്ത് ഊർജ്ജ സുരക്ഷ ഉറപ്പ് വരുത്തുക എന്നതായിരുന്നു എന്റെ സർക്കാരിന്റെ നയം. ആ ലക്ഷ്യത്തോടുകൂടി എന്റെ സർക്കാരിന് മറ്റ് സംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന പ്ലാന്റുകളിൽ നിന്നും 1415 MW ഊർജ്ജത്തിനുള്ള കരാർ ഉണ്ടാക്കാൻ സാധിച്ചു, അതും 25 വർഷത്തേയ്ക്കുള്ള ആകർഷകമായ നിരക്കിലും 2018-19 വരെ മതിയായ ഊർജ്ജ ലഭ്യത ഉറപ്പാക്കിക്കൊണ്ടുമാണ്. പാലക്കാട് ജില്ലയിലെ അഗളി മേഖലയിൽ കുറഞ്ഞത് 82 MW വിന്റ് എനർജി ഉണ്ടാക്കുന്നതിനുള്ള ഒരു MoU, NHPC-യും സർക്കാരും ഒപ്പു വച്ചിട്ടുണ്ട്. കൂടാതെ, സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും KSEBL -ഉം യോജിച്ചു കൊണ്ടുള്ള ഒരു പദ്ധതി പ്രകാരം കാസറഗോഡ് ജില്ലയിൽ ഒരു 200 മെഗാവാട്ട് സോളാർ പാർക്കും സ്ഥാപിക്കുന്നതാണ്. കൊച്ചിൻ ഇന്റർ-നാഷണൽ എയർപോർട്ട് ലിമിറ്റഡ് തുടങ്ങിവച്ച, സ്വന്തം ഉപഭോഗത്തിനു വേണ്ടി ആവശ്യമുള്ളടത്തു തന്നെ ഊർജ്ജം ഉദ്പാദിപ്പിക്കുന്ന ഉത്തമ മാതൃക ലോകത്താകമാനവും നമ്മുടെ രാജ്യത്തും വാർത്ത സൃഷ്ടിക്കുകയും ആയതിനെ നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അങ്ങേയറ്റം അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. റിന്യൂവബിൾ എനർജി മേഖലയിൽ, ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി 1 KW ഫോട്ടോ വോൾട്ടിക്കുള്ള ഏതാണ്ട് 8000 എണ്ണവും 15000 KW ഉള്ള ഗ്രിഡ് ഇന്ററാക്റ്റീവ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

84. എന്റെ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എല്ലാ സെക്ഷൻ ആഫീസുകളും കമ്പ്യൂട്ടർവത്ക്ക രിക്കുകയുണ്ടായി. രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി മുഖേന 1.7 ലക്ഷം ഗ്രാമീണ വീടുകൾക്ക് വൈദ്യുതി ബന്ധം നൽകുകയും ബി.പി.എൽ വിഭാഗത്തിൽ വരുന്ന 65,659 വീടുകൾക്ക് സൗജന്യ വൈദ്യുത ബന്ധം നൽകുകയും ചെയ്തിട്ടുണ്ട്. ജീവൻ രക്ഷാ സംവിധാനങ്ങളെ ആശ്രയിക്കുന്ന ആളുകൾക്ക് സൗജന്യമായി വൈദ്യുതി വിതരണം ചെയ്തു വരുന്നു. ആരുടേയും കൈവശത്തിലല്ലാത്ത 100 ച.മീ. ൽ താഴെ യുള്ള വീടുകൾക്ക് വൈദ്യുത ബന്ധം നൽകിയിട്ടുണ്ട്. KSEB യ്ക്കുള്ള മീറ്റർ വാടക ഒഴിവാക്കുന്നതിനായി നിർമ്മാതാവിൽ നിന്നും നേരിട്ട് മീറ്റർ വാങ്ങുന്നതിന് ഉപയോക്താവിന് അവസരം നൽകിയിട്ടുണ്ട്.

85. എന്റെ സർക്കാർ, എം.എൻ.ആർ.ഇ.ജി.എസ്. വഴി 6,510 കോടി രൂപ ചെലവഴിച്ചതിലൂടെ ഗ്രാമീണമേഖലയിൽ പ്രകടമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ വർഷവും ശരാശരി 17 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 2006-11 കാലയളവിൽ ചെലവഴിച്ച തുക കേവലം 1508 കോടി രൂപയായിരുന്നു, 2011-ൽ ജോലി സമയം രാവിലെ 9 മുതൽ വൈകിട്ട് 5 മണിവരെയായി പുനഃക്രമീകരിക്കുകയും 150 രൂപ യായിരുന്ന ദിവസവേതനം 227 രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കുട്ടിക ളുടെ വിദ്യാഭ്യാസത്തിനുള്ള സഹായവും ഓണക്കാലത്ത് ഉപഹാരങ്ങളും സർക്കാർ നൽകിയിട്ടുണ്ട്. തൊഴിലാളികൾക്കുള്ള വേതനം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും

ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

86. സാമ്പത്തിക വികസനം സാമൂഹിക വികസനത്തോടും മാറ്റങ്ങളോടുമൊപ്പം മുന്നോട്ടു പോകേണ്ടതാണെന്ന് എന്റെ സർക്കാരിന് പൂർണ്ണബോദ്ധ്യം ഉണ്ട്. ആ ഇച്ഛാശക്തിയോടെ, വിപണിയിൽ മദ്യലഭ്യത കുറയ്ക്കുക എന്ന ഒരു സമഗ്ര നയം സ്വീകരിച്ച ചുരുക്കം ചില സർക്കാരുകളിൽ ഒന്നായി എന്റെ സർക്കാർ മാറിയിട്ടുള്ളതും മദ്യത്തിന്റെയും മയക്കു മരുന്നുകളുടെയും ദുരുപയോഗത്തിനെതിരെ വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തിവരികയുമാണ്. ഒരു മദ്യവിമുക്ത സമൂഹത്തെ സൃഷ്ടിക്കലും ലഹരി ദുരുപയോഗം ഇല്ലാതാക്കലുമാണ് എന്റെ സർക്കാരിന്റെ കാഴ്ചപ്പാട്. ഈ കാഴ്ചപ്പാടിനോട് നീതി പുലർത്തിക്കൊണ്ട്, പത്ത് വർഷം കൊണ്ട് സമ്പൂർണ്ണ മദ്യ നിരോധനം നേടുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരളത്തിലെ 730 ബാറുകൾ അടച്ച് പൂട്ടുന്നതിനുള്ള ഉറച്ച നടപടികൾ എന്റെ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 10% ബാറുകൾ വർഷംന്തോറും പൂട്ടുക എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ 78 ഔട്ട്ലെറ്റുകൾ ഇതിനകം അടച്ചുപൂട്ടിയിട്ടുണ്ട്.

87. എന്റെ സർക്കാരിന്റെ കാലത്ത് മൂന്ന് ലക്ഷം പുതിയ പൈപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2.07 ലക്ഷം പൊതു ടാപ്പുകളിലൂടെ കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷം 4.19 ലക്ഷം പുതിയ കണക്ഷനുകൾ നൽകുക എന്നതാണ് ലക്ഷ്യം.

88. എന്റെ സർക്കാർ നെല്ല് സംഭരണത്തിൽ നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. 2014-15-ൽ 1.25 ലക്ഷം കർഷകർക്ക് പ്രയോജനപ്രദമാകുന്നവിധം 5.50 ടൺ നെല്ല് സംഭരിച്ചിരുന്നു. നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 21.50 രൂപയായി നിശ്ചയിച്ചിട്ടുള്ളതും 1.25 ലക്ഷം കർഷകർക്ക് ഈ പ്രയോജനം ലഭിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്ത് ആദ്യമായി കേരഫെഡ് വഴി 70213.69 ടൺ പച്ചതേങ്ങയുടെ ഒരു റെക്കോഡ് സംഭരണം തന്നെ നടന്നു. പച്ചത്തേങ്ങ കൊപ്രയാക്കി സംസ്ക്കരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന യുണിറ്റുകൾക്ക്, തേങ്ങയുടെ വിലയ്ക്ക് പുറമെ ഒരു ക്വിന്റൽ കൊപ്രയ്ക്ക് 500 രൂപ ധനസഹായമായി സർക്കാർ നൽകി വരുന്നു. കിലോഗ്രാമിന് 25 രൂപയാണ് പച്ചതേങ്ങയുടെ സംഭരണവില. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവരുടെ ചികിത്സാ സഹായം 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ചില നിബന്ധനകൾക്ക് വിധേയമായി, വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

89. എന്റെ സർക്കാർ, കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭാഗംവയ്ക്കൽ, ഒഴിമുറി, ഇഷ്ടദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1000 രൂപയായും രജിസ്ട്രേഷൻ ഫീസ് ഒരു ശതമാനമായും കുറച്ചിട്ടുണ്ട്. ഇത് 49 ലക്ഷം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതാണ്. വില കുറച്ച് കാണിച്ച കേസുകളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പഞ്ചായത്തുകളിൽ അഞ്ച് സെന്റിൽ താഴെയുള്ള ഇടപാടുകൾ ഉൾപ്പെട്ട പ്രമാണങ്ങൾ വില കുറച്ച് കാണിച്ച എല്ലാ കേസുകളും ഒഴിവാക്കിയിട്ടുണ്ട്. ഏതാണ്ട് രണ്ട് ലക്ഷം

ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ധാരാളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നാമമാത്രമായ ഒരു തുക ഫീസായി അടച്ചു കൊണ്ട്, വില കുറച്ച് കാണിച്ച 1,31,111 കേസുകൾ തീർപ്പാക്കി യിട്ടുണ്ട്.

90. എന്റെ സർക്കാർ, ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി യുള്ള വിപുലമായ ക്ഷേമപദ്ധതികൾ വിജയകരമായി നടപ്പാ ക്കിവരികയാണ്, അതിൽ ന്യൂനപക്ഷകാര്യ മന്ത്രാലയം സ്പോൺസർ ചെയ്ത മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം (MSDP)-ന്റെ ഫണ്ട് ഉപയോഗത്തിൽ കേരളം ഉന്നത സ്ഥാനം കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തിരിച്ചറിയപ്പെട്ട ന്യൂനപക്ഷ പ്രദേശങ്ങളിൽ ഡിജിറ്റൽ സാക്ഷരതാ നൈപുണ്യം കൊണ്ടുവരുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള ഇ-സാക്ഷരതാ ഉൾപ്പെടെ 2016-17 സാമ്പത്തിക വർഷ കാലയളവിൽ നടപ്പാ ക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രധാന നയമുന്നേറ്റങ്ങൾ ധാരാളം നൂതന പരിപാടികളും, വൈദ്യുതീകരണം, പ്ലമ്പിംഗ്, മെക്കാ നിക്കലും അനുബന്ധ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും അതിലൂടെ ന്യൂനപക്ഷങ്ങൾക്ക് തൊഴിൽ നൽകുന്നതിനുമുള്ള മറ്റൊരു നൂതന ആശയമായ മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ്, വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനും പരിശീലന ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായി ക്കുന്ന രീതിയിൽ പ്രഗത്ഭരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ തത്സമയ സംപ്രേക്ഷണത്തിലൂടെ മറ്റു കേന്ദ്രങ്ങളുമായി പങ്കിടാവുന്ന ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾക്കുവേണ്ടിയുള്ള വെർച്വൽ ക്ലാസ് മുറികൾ എന്നിവ ഉൾപ്പെടുന്നതാണ്.

91. 2015 വർഷത്തിൽ നിർദ്ദിഷ്ട വിഷയങ്ങളിൽ ദേശീയ ലോക് അദാലത്ത് നടത്തുന്നതിനായി ദേശീയ ലീഗൽ സർവ്വീസസ് അതോറിറ്റി ഒരു പുതിയ പ്രതിമാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ഈ വർഷം സംസ്ഥാനത്തൊട്ടാകെ നിർദ്ദിഷ്ട വിഷയങ്ങളിൽ എല്ലാ മാസവും (ജനുവരി, മേയ്, നവംബർ ഒഴികെ) ദേശീയ ലോക് അദാലത്തുകൾ നടത്തിയിട്ടുണ്ട്. എട്ടു മാസങ്ങളിലായി നടത്തിയ ദേശീയ ലോക് അദാലത്തിൽ ആകെ 1,16,329 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 'നിയമപാഠം' (പ്രാദേശിക ഭാഷയിൽ) 'ലസൺസ് ഇൻ ലാ' (ഇംഗ്ലീഷിൽ) എന്ന പേരിൽ സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്കായി നിയമാവബോധ ബുക്കുകൾ രാജ്യത്ത് ആദ്യമായി കൊണ്ടുവന്നിട്ടുള്ളത് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയാണ്. ഓരോ വർഷവും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ക്ലാസുകൾ നടത്തുന്നുണ്ട്. കോടതികളിൽ സർക്കാർ വ്യവഹാരങ്ങൾ കുറയ്ക്കുക, കേസുകൾ കെട്ടിക്കിടക്കുന്ന ശരാശരി സമയം പതിനഞ്ചു വർഷത്തിൽ നിന്നും മൂന്നു വർഷമായി ചുരുക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി കേസുകൾ ഉത്തരവാദിത്വത്തോടെ നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന്, 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വ്യവഹാര നയം രൂപീകരിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ചില നിയമങ്ങൾ റദ്ദാക്കുന്നതിനും കൂടാതെ മുൻ തിരുവിതാംകൂർ-കൊച്ചി, മലബാർ പ്രദേശങ്ങളിൽ ബാധകമായ അവശേഷിക്കുന്ന നിയമങ്ങൾ ഏകീകരിക്കുന്നതിനുമുള്ള നടപടികൾ നിയമവകുപ്പിൽ സ്വീകരിച്ചുവരുന്നു.

92. എന്റെ സർക്കാർ, നമ്മുടെ മലയാള ഭാഷ സംരക്ഷിക്കുന്നതിനുള്ള സുപ്രധാന നടപടിയായി, '2015-ലെ മലയാള

ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ,' 17/12/2015-ൽ നിയമസഭയിൽ പാസ്സാക്കുകയും തത്ഫലമായി എല്ലാ വകുപ്പുകളിലെയും ഭരണമാധ്യമം കർശനമായും മാതൃഭാഷ യിലാണെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി എല്ലാ വകുപ്പു കളെയും സജ്ജമാക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് പറയുന്ന തിൽ ഞാൻ അഭിമാനിക്കുന്നു. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല തുഞ്ചൻപറമ്പിൽ ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ, മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവിയും നേടിയെ ടുത്തിട്ടുണ്ട്. തമിഴിനും കന്നടയ്ക്കും തെലുങ്കിനും സംസ്കൃ തത്തിനുമൊപ്പമാണ് മലയാള ഭാഷയ്ക്ക് ഈ പദവി ലഭിച്ചത്. എന്റെ സർക്കാർ, 34 വർഷങ്ങളുടെ ദീർഘമായ ഇടവേളയ്ക്കു ശേഷം വിശ്വമലയാള മഹോത്സവം ആഘോഷിച്ചു.

93. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സ്ഥാപിച്ചിട്ടു ണ്ട്. സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജു കളും ഈ സർവ്വകലാശാലയിലെ അംഗങ്ങളാണ്. 50,000 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. കൂടാതെ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് പോലീസ് സയൻസും സെക്യൂരിറ്റി സ്റ്റഡീസും ആരംഭിച്ചിട്ടുണ്ട്. പോലീസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതാണ്. ഗവേഷണത്തിനുവേണ്ട സൗകര്യങ്ങളും കൂടി ലഭ്യമാക്കുന്നതാണ്. ഏഴാം ക്ലാസിലെ മലയാളവും സാമൂഹ്യശാസ്ത്രവും പാഠപുസ്തക ങ്ങളിൽ ശ്രീനാരായണ പഠനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീ നാരായണ ഗുരുവിന്റെ ദൈവദശകത്തിന്റെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസ്തുത പ്രാർത്ഥനാഗീതം

ഗുരുവിന്റെ ചിത്രം സഹിതം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശിവഗിരി ശ്രീ നാരായണ ധർമ്മസംഘം ട്രസ്റ്റിന് ഒരു കൺവെൻഷൻ സെന്റർ പണികഴിപ്പിക്കുന്നതിനായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

94. എന്റെ സർക്കാർ, കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന പേരിൽ ഒരു അനുബന്ധ കോർപ്പറേഷൻ ആരംഭിക്കുകയും 320 ബസ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തും തിരുവല്ലയിലും കോഴിക്കോട്ടും ബസ്സ് ടെർമിനലുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. 10 കോടി രൂപ ചെലവഴിച്ച് 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകൾ സർവ്വീസിനായി നിരത്തിലിറക്കിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മൂന്ന് ജില്ലകളിൽ മൂന്ന് ഡിപ്പോകൾ ആരംഭിക്കുവാൻ കെ.എസ്.ആർ.റ്റി.സി. ഉദ്ദേശിക്കുന്നു. ഊർജ്ജ സംരക്ഷണ പദ്ധതിയുടെ ഭാഗമായി പുതുതായി നിർമ്മിച്ച ബസ് ടെർമിനലുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ കെ.എസ്.ആർ.റ്റി.സി. ഉദ്ദേശിക്കുന്നു.

95. അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് മോട്ടോർ വാഹന വകുപ്പ്, 1. ഒരു പി.പി.പി. മാതൃക പിൻതുടർന്നുകൊണ്ട് ഏഴ് സ്ഥലങ്ങളിൽ കൂടി ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും വാഹന പരിശോധനാ സ്റ്റേഷനുകളും ഏർപ്പെടുത്തുന്നതിനും, 2. സ്മാർട്ട് കാർഡ് അടിസ്ഥാനത്തിൽ ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ

സർട്ടിഫിക്കറ്റുകളും പ്രയോഗത്തിൽ വരുത്തുന്നതിനും, 3. സ്കൂൾ കുട്ടികളെ റോഡ് സുരക്ഷാപ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്നതിനായി റോഡ് സേഫ്റ്റി കോർ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ജല വിനോദസഞ്ചാരത്തിന്റെ ഭാഗമായി 90 യാത്രക്കാരെ വീതം വഹിക്കുവാൻ ശേഷിയുള്ള രണ്ട് ഇരു നില പാസഞ്ചർ / ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് 'സീ കുട്ടനാട്' സർവ്വീസ് ആരംഭിക്കുകയുണ്ടായി. 45 സ്റ്റീൽ ബോട്ടുകൾ ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട്. ജൈവ ശൗചാലയ സൗകര്യം യാത്രാബോട്ടുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 'സീ അഷ്ടമുടി' സർവ്വീസിനായി വരും വർഷം പുതിയ യാനങ്ങൾ നിർമ്മിക്കുന്നതാണ്.

96. തൃശ്ശൂരിൽ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമായി കൊണ്ടിരിക്കുകയാണ്. തടി ലേലം ചെയ്യുന്നതിനായി ഇ-ഓക്ഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിൻ കീഴിൽ 390.50 ലക്ഷം രൂപ വില മതിക്കുന്ന വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

97. അൻപതോ അതിൽ കൂടുതലോ കുടുംബങ്ങൾ താമസിക്കുന്ന 436 പട്ടിക ജാതി സെറ്റിൽമെന്റുകളുടെ വികസനത്തിനായി, ഓരോന്നിനും 1 കോടി രൂപ എന്ന നിരക്കിൽ, 215 സെറ്റിൽമെന്റുകൾ വികസിപ്പിക്കുന്നതിനായി, 215 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഭൂരഹിതർക്കും ഭവനരഹിതർക്കും നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം ഗ്രാമപ്രദേശങ്ങളിൽ, 75,000/- രൂപയിൽ നിന്നും 3.75 ലക്ഷം രൂപയായും, മുൻസിപ്പൽ പ്രദേശങ്ങളിൽ 90,000/- രൂപയിൽ നിന്നും

4.50 ലക്ഷം രൂപയായും, കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ലക്ഷം രൂപയിൽ നിന്ന് 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനുള്ള സഹായം ഒരു ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കുറഞ്ഞനിരക്കിൽ നേരത്തെ നൽകിയിട്ടുള്ള സഹായധനത്തിന്റെ ശേഷിക്കുന്ന തവണകൾ ഉയർന്ന നിരക്കിൽ നൽകിയിട്ടുണ്ട്. ഭൂമി വാങ്ങുന്നതിനായി 29,465 കുടുംബങ്ങൾക്ക് 664.86 കോടി രൂപയും പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനായി 24,141 കുടുംബങ്ങൾക്ക് 568.33 കോടി രൂപയും നൽകിയിട്ടുണ്ട്. ഈ വർഷം മുതൽ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും യു.കെ.ജി. തലം മുതൽ ഉള്ള ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. 2015–2016 -ലെ എന്റെ നയപ്രഖ്യാപനപ്രസംഗത്തിൽ, പട്ടികജാതിയിൽപ്പെട്ട യുവജനങ്ങളുടെ സംരംഭകത്വശേഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു പുതിയ പദ്ധതി ഞാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ആ നിർദ്ദേശത്തിനനുസൃതമായി, മണ്ണന്തല അംബേദ്കർ ഭവനിലെ കേരളാ സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ചുകൊണ്ട് ഒരു പുതിയ പദ്ധതിയ്ക്ക് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

98. എന്റെ സർക്കാർ, കേരളത്തിന്റെ സമ്പുഷ്ടമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിയ്ക്കുന്നതിന് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടുള്ളതും അങ്ങനെയുള്ള ശ്രമങ്ങളിൽ അത്തരത്തിൽ ആദ്യത്തേതായ ചില പദ്ധതികൾ സാംസ്കാരിക വകുപ്പ് അവതരിപ്പിച്ചിട്ടുള്ളതുമാണ്. ഭാരതത്തിലെ ആദ്യത്തെ സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറി, കേരള ലളിതകലാ അക്കാദമി സ്ഥാപിച്ചിട്ടുണ്ട്.

2015 ഒക്ടോബറിൽ ഉദ്ഘാടനം ചെയ്തിട്ടുള്ള 'ഗുരുഗോപി നാഥ് ദേശീയ നൃത്ത മ്യൂസിയം' ഭാരതത്തിലെ ഇപ്രകാര മുള്ള ആദ്യത്തേതാണ്. എന്റെ സർക്കാർ, പ്രശസ്ത ചിത്ര കാരൻ രാജാരവിവർമ്മയ്ക്കും കാർട്ടൂണിസ്റ്റ് ശങ്കറിനും (കാർട്ടൂൺ ആചാര്യൻ) അവരുടെ സ്വന്തം പട്ടണങ്ങളിൽ സ്മാരകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കണ്ണൂരിലെ, ശ്രീകണ്ഠാപു രത്ത് കേരള ലളിതകലാ അക്കാദമി അന്തർദേശീയ സാംസ്കാരിക ഗ്രാമം നിർമ്മിച്ചിട്ടുണ്ട്. ഭാരത സർക്കാ രിന്റെ സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച ഡോ. ബി. ആർ.അംബേദ്കർ ചെയർ, വരുന്ന വർഷം ഔപചാരിക മായി ഉദ്ഘാടനം ചെയ്യുന്നതാണ്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 2016-17-ൽ മുംബൈ, ചെന്നൈ, അഹമ്മദാബാദ് എന്നീ മേഖലകളിൽ റഫറൻസ് ലൈബ്രറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, പുരാവസ്തു വകുപ്പിന്റെ കീഴിൽ ചരിത്ര സ്മാരകമായി ഇതിനകം തന്നെ പ്രഖ്യാപി ക്കപ്പെട്ട അറയ്ക്കൽ രാജകുടുംബത്തിന്റെ പൈതൃക നിർമ്മി തികളെ സംരക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നു. പുരാവസ്തു വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ, ചെമ്പൻതൊട്ടിയി ലുള്ള ബിഷപ്പ് വള്ളോപ്പിള്ളി കുടിയേറ്റ സ്മാരക മ്യൂസിയ സമുച്ചയം 2016-17-ൽ നിർമ്മാണം പൂർത്തിയാക്കി പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതാണ്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായിരി ക്കുന്നതും ഇപ്പോൾ ജീർണ്ണാവസ്ഥയിലുള്ളതുമായ "മൂവിടത്തുമഠം" അതിന്റെ യഥാർത്ഥ പ്രൗഢി വീണ്ടെടുക്കു ന്നതിനായി ഘടനാപരമായി സംരക്ഷിക്കുന്നതാണ്. കേരള

സംഗീത നാടക അക്കാദമിയുടെ കീഴിൽ തിരുവനന്തപുരത്ത് ഒരു അന്തർദേശീയ സംഗീത അക്കാദമി സ്ഥാപിക്കുന്നതും അതിന് ആവശ്യമായ ഭൂമി എന്റെ സർക്കാർ കണ്ടെത്തിയിട്ടുള്ളതുമാണ്. കേരള നിയമസഭയിലെ ഉദ്ദേശം 58000 പഴയ രേഖകളുടെ സംരക്ഷണജോലി ഏറ്റെടുക്കുന്നതിനായി തൃപ്പൂണിത്തുറയിലുള്ള പൈതൃക പഠന കേന്ദ്രം കേരള നിയമസഭയുമായി കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്.

99. എന്റെ സർക്കാരിന്റെ കാലത്ത്, ഒരു പട്ടിക ഗോത്ര വർഗ്ഗ കോളനിക്ക് ഒരു കോടി രൂപ ചെലവഴിച്ചു കൊണ്ടുള്ള മാതൃകാകോളനി പദ്ധതിയിൽ 43 കോടി രൂപ ചെലവിൽ ഇതുവരെ 43 മാതൃകാ കോളനികൾ വന്നിട്ടുണ്ട്. പട്ടിക ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 12,216 ആളുകൾ ബാങ്കുകളിൽ നിന്നും മറ്റ് വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്ത 140 കോടി രൂപയുടെ വായ്പകൾ എഴുതി തള്ളിയിട്ടുള്ളതാണ്. 1-4-2014-ൽ അടയ്ക്കാനുണ്ടായിരുന്ന ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളായിരുന്നു ഇവ. പട്ടിക ഗോത്ര വർഗ്ഗ വികസന വകുപ്പിന്റെ പൊതു പാർപ്പിട പദ്ധതിയും ഹഡ്കോ വായ്പ ഉപയോഗിച്ചുള്ള ഭവന പദ്ധതിയും ഗ്രാമ വികസന വകുപ്പിന്റെ ഇന്ദിര ആവാസ് യോജന പദ്ധതിയും പഞ്ചായത്തുകളുടെ പാർപ്പിട പദ്ധതികളും സമന്വയിപ്പിച്ച് 30,308 വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക കണ്ടെത്തി 'സ്നേഹവീട്' എന്ന സമഗ്ര പാർപ്പിട പദ്ധതി നടപ്പിലാക്കിയത് പദ്ധതികളുടെ കേന്ദ്രീകരണത്തിന്റേയും അതിന്റെ ഫലപ്രദമായ നടത്തിപ്പിന്റേയും മികച്ച ഉദാഹരണമാണ്. ഇത് 2015-16-ൽ ആരംഭിച്ചിട്ടുള്ളതും 2.5 ലക്ഷം രൂപയിൽ നിന്നും 3.5 ലക്ഷം രൂപയായി

വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. പ്രാചീന ഗോത്ര വർഗ്ഗക്കാർക്കായുള്ള 148 കോടി രൂപയുടെ പാക്കേജ് പ്രകാരം 8001 ആളുകൾക്ക് ഭൂമി, പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങൾ, ജീവനോപാധി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

100. തീരദേശ കപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലെ തുറമുഖങ്ങളിലേയ്ക്ക് ചരക്കുകപ്പൽ സേവനം ആരംഭിച്ചിട്ടുള്ളതാണ്. പൊന്നാനി, സംസ്ഥാനത്തെ ആദ്യത്തെ പി.പി.പി. അധിഷ്ഠിത തുറമുഖമായിത്തീർന്നിരിക്കുന്നു.

101. അഴിമതിക്കെതിരെ പോരാടാൻ പൊതുജന പങ്കാളിത്തത്തോടെ "വിജിലന്റ് കേരള" പദ്ധതി ആരംഭിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിജിലന്റ് കേരള.ഇൻ (vigilantkerala.in) തുടങ്ങിയിട്ടുണ്ട്. സർക്കാർ പദ്ധതികളിലോ പ്രവൃത്തിയിലോ അഴിമതി ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അത് മേൽപറഞ്ഞ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യാൻ കഴിയുന്നതാണ്. പരാതികൾ സാമൂഹ്യ മാധ്യമങ്ങൾ വഴി സ്വീകരിക്കുന്നതിനുള്ള സൗകര്യം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ലഭ്യമാണ്.

102. സർക്കാർ 25-2-2015-ൽ സമാരംഭിച്ച, സാമൂഹ്യവിരുദ്ധർക്കും കുഴപ്പക്കാർക്കും എതിരെയുള്ള പോലീസിന്റെ പ്രത്യേക സംയുക്ത യജ്ഞമായ ഓപ്പറേഷൻ സുരക്ഷയിലൂടെ ശ്ലാഘനീയമായ ജോലിയാണ് പോലീസ് വകുപ്പ് നിർവ്വഹിച്ചിട്ടുള്ളത്. ഈ പ്രത്യേക യജ്ഞത്തിന്റെ

ഭാഗമായി ഭൂ-മണൽ മാഫിയ, ഗുണ്ടാ പ്രവർത്തനങ്ങൾ, കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ, ഭൂ-ക്വാറി മാഫിയ എന്നീ പ്രവർത്തനങ്ങളിലേർപ്പെട്ട സാമൂഹ്യവിരുദ്ധരെ ഫലപ്രദമായി നിയന്ത്രിച്ചിട്ടുണ്ട്. റോഡുകളിൽ സുരക്ഷിതമായ യാത്ര ഉറപ്പു വരുത്തുക, റോഡ് അപകടങ്ങളുടെ എണ്ണം കുറയ്ക്കുക എന്നീ ലക്ഷ്യത്തോടെ "ശുഭയാത്ര 2015" എന്ന പദ്ധതി ആരംഭിച്ചു. പൗരൻമാരെ ട്രാഫിക് ചട്ടങ്ങളെക്കുറിച്ചും ട്രാഫിക് ചട്ടങ്ങൾ പാലിക്കുന്നതിനുള്ള അവരുടെ ചുമതലയെപ്പറ്റിയും ബോധവാൻമാരാക്കുക എന്നതും ഇത് ലക്ഷ്യമിടുന്നു.

103. സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്കിടയിലുള്ള മയക്കുമരുന്നിന്റെ ഉപയോഗം തടയുവാനും നിയന്ത്രിക്കുവാനുമുള്ള ലക്ഷ്യത്തോടെ കേരള പോലീസ് "ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പ്രോഗ്രാം" എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2015 ജൂണിൽ ആരംഭിച്ചു. ഈ പദ്ധതി മുഖേന ഇതുവരെ 45180 റെയ്ഡുകൾ ലക്ഷ്യസ്ഥലങ്ങളിൽ നടത്തുകയും, കുറ്റവാളികൾക്കെതിരെ 12463 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 12089 ആളുകളെ അറസ്റ്റ് ചെയ്യുകയും ഉണ്ടായി. കേരളത്തിലെ പട്ടിണിക്കാരായ പാവപ്പെട്ടവർക്ക് വായ്പ നൽകി അവരിൽ നിന്നും ഭീമമായ പലിശ ഈടാക്കുന്ന കൊള്ളപ്പലിശക്കാർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ നല്ലരീതിയിൽ ആസൂത്രണം ചെയ്യപ്പെട്ടതും നന്നായി ഏകോപിക്കപ്പെട്ടതുമായ നടപടി ആരംഭിക്കുകയുണ്ടായി. 11-5-2014-ൽ ആരംഭിച്ച ഈ നടപടി ഇപ്പോഴും തുടർന്നുവരികയാണ്. ഈ നടപടി

യുടെ ഭാഗമായി നിയമ വിരുദ്ധമായി പണം കടംകൊടുക്കുന്നവരിൽ നിന്നും 4,66,80,895/- രൂപ വീണ്ടെടുക്കുകയുണ്ടായി. കേരള പോലീസിലെ സായുധ പോലീസ് വിഭാഗവും സായുധ റിസർവ് വിഭാഗവും തമ്മിൽ വളരെക്കാലമായി നിലനിന്നിരുന്ന സീനിയോരിറ്റി തർക്കം തീർപ്പാക്കിയത് ഈ സർക്കാരിന്റെ ചരിത്ര പ്രധാനമായ മറ്റൊരു നേട്ടമാണ്. ഇതുപ്രകാരം ഏകദേശം 7000 പോലീസുദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ/ സബ് ഇൻസ്പെക്ടർമാർ റാങ്ക് വരെ സ്ഥാനക്കയറ്റം നൽകുകയുണ്ടായി. സൈബർ സുരക്ഷയും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ടെക്നോപാർക്കിൽ 'സൈബർഡോം' സ്ഥാപിച്ചത് ഒരു പ്രധാന നാഴികക്കല്ലാണ്. സൈബർഡോം എന്നത് പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിലുള്ള ഒരു പദ്ധതിയായിരിക്കുന്നതും സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേയ്ക്ക് ഒന്നിച്ചു പ്രവർത്തിക്കുന്ന പോലീസും ഐ.റ്റി. കമ്പനികളും ഉൾപ്പെടുന്നതുമാണ്. ഇത് ഉടൻ പ്രവർത്തന സജ്ജമാകുന്നതാണ്.

104. പോലീസിന് അവരുടെ മുന്നോട്ടുള്ള ഏതൊരു പുരോഗതിയ്ക്കും അടിസ്ഥാനസൗകര്യ വികസനം ആവശ്യമാണ്. ആയതിനാൽ, ഈ വർഷം കേരള പോലീസിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പുതിയ പരിഷ്ക്കരണങ്ങൾ ആരംഭിക്കുന്നതാണ്. ജില്ലാ പരിശീലന കേന്ദ്രങ്ങളുടെയും സ്മാർട്ട് പോലീസ് സ്റ്റേഷനുകളുടെയും നിർമ്മാണം ഇതിൽ ഉൾപ്പെടുന്നു. അടുത്ത വർഷത്തേയ്ക്കുള്ള ഒഴിവുകളിൽ 100% നിയമനവും നേടിയെടുക്കാൻ പോലീസിന് കഴിയുന്ന

താണ്. വനിതാ പോലീസിന്റെ അനുപാതം ആകെയുള്ള പോലീസ് സേനയുടെ 10% ആയി വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ട്. കൂടുതൽ വനിതാ സബ് ഇൻസ്പെക്ടർമാരേയും വനിതാ പോലീസ് കോൺസ്റ്റബിൾമാരേയും റിക്രൂട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതാണ്.

105. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ചുകൊണ്ട് വിയ്യൂരിൽ അതീവ സുരക്ഷയോടുകൂടിയ ആധുനിക ജയിലിന്റെ നിർമ്മാണം 2016-ൽ പൂർത്തീകരിക്കപ്പെടുന്നതാണ്. സമാനതയില്ലാത്തതും നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിൽ ആകെയുള്ളതുമായ ഈ ജയിൽ ദേശവിരുദ്ധ തീവ്രവാദികളെയും കൊടുംകുറ്റവാളികളെയും തടവിൽ പാർപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നതാണ്. വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ആഹാര സാധനങ്ങൾ ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ ചപ്പാത്തി നിർമ്മാണ യൂണിറ്റും, തിരുവനന്തപുരം, കണ്ണൂർ, എറണാകുളം, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിലെ ജയിലുകളിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. 2014-ൽ ഇതിൽ നിന്നുള്ള വരുമാനം എട്ട് കോടി രൂപയായിരുന്നു. 26 കോടി രൂപ ചെലവിൽ 1078 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ വിവിധ ജയിലുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം. തൃശ്ശൂർ, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിലെ ജയിലുകളിൽ 4.20 കോടി രൂപ ചെലവിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

106. എന്റെ സർക്കാർ, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി 61.27 കോടി രൂപയുടെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സന്നിധാനത്ത് മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എരുമേലിയിൽ നിന്ന് പമ്പയിലേക്കുള്ള യാത്ര സുഗമമാക്കുന്നതിനായി കണമല യിൽ ഒരു പുതിയ പാലവും നിലയ്ക്കലിൽ നടപ്പാതയോടു കൂടിയ 14 മീറ്റർ വീതിയുള്ള റോഡുകളും 10000 - ത്തില ധികം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യവും 10 ലക്ഷം ലിറ്റർ ശേഷിയുള്ള വാട്ടർടാങ്കും രണ്ട് കുഴൽ കിണറുകളും നിർമ്മിച്ചിട്ടുണ്ട്. തീർത്ഥാടന കാലത്തോടനു ബന്ധിച്ച് ശബരിമലയിലേയ്ക്കുള്ള റോഡുകൾ നവീകരിച്ചി ട്ടുണ്ട്. 75.2 കിലോമീറ്റർ ദൈർഘ്യത്തിൽ ശബരിമലയിലേ ക്കുള്ള പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം 5 വർഷ ഗ്യാരന്റിയോടുകൂടി ഹെവി മെയിന്റനൻസ് സ്കീം പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്.

107. എന്റെ സർക്കാർ, യുവജനങ്ങളിൽ നൈപുണ്യ മികവ് ഉണ്ടാക്കുന്നതിന് "കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്" എന്ന നോഡൽ ഏജൻസി ആരംഭിച്ചിട്ടുണ്ട്. ഇതിൻ കീഴിൽ തിരുവനന്തപുരത്ത് "നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ് മെന്റ്"-ഉം "സെന്റർ ഫോർ എക്സലൻസ് ഇൻ ഇന്റർ നാഷണൽ സെക്യൂരിറ്റി"-യും അങ്കമാലിയിൽ "എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഇൻ ഓയിൽ ആന്റ് റിഗ്ഗ്" -ഉം ആരംഭിച്ചിട്ടുണ്ട്. കൊല്ലത്ത് ചവറയിൽ "ഇൻഡ്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ"

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ചവറയിലെ ഐ.ഐ.ഐ.സി. ഉന്നത നിലവാരമുള്ള മാതൃകാ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് തൊഴിലാളികളെ വൈദഗ്ദ്ധ്യമുള്ളവരാക്കുന്നതിനുള്ള പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

108. എന്റെ സർക്കാർ, അരനൂറ്റാണ്ടിലേറെ പഴക്കമുള്ള കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റും ചട്ടങ്ങളും കാലോചിതമായി ഭേദഗതി ചെയ്തിട്ടുണ്ട്. ഉടമ തൊഴിലാളികൾക്കും ജീവനക്കാർക്കും നൽകേണ്ടതായ ജോലി പരിചയ സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ്, ഹോസ്റ്റൽ സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. സ്ത്രീ തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് ക്രഷ് സൗകര്യവും വിശ്രമ മുറിയും വൃത്തിയുള്ള ശൗചാലയങ്ങളും വിശ്രമമുറികളിൽ ഇരിപ്പിട സൗകര്യവും സാനിട്ടറി നാപ്കിനുകൾ നിക്ഷേപിക്കുന്നതിനുള്ള സൗകര്യവും പുതിയ നിയമം ഉറപ്പുവരുത്തുന്നു. ഈ ഭേദഗതി മുഖേന ഏകദേശം 10 ലക്ഷം തൊഴിലാളികൾക്ക് പ്രയോജനമുണ്ടാകുന്നതാണ്.

109. തൊഴിൽ വകുപ്പിന്റെ ചരിത്രത്തിൽ 2015-16 വർഷം ഒരു നാഴികക്കല്ലായി ഓർമ്മിക്കപ്പെടുന്നതാണ്. നാളിതുവരെയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നൽകി കഴിഞ്ഞിട്ടുള്ളതാണ്. ഏകദേശം 10 ലക്ഷം തോട്ടം തൊഴിലാളികളെയും 2.5 ലക്ഷം കയർ തൊഴിലാളികളെയും "ആം ആദ്മി ബീമ യോജന"-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്റെ സർക്കാർ, സംസ്ഥാനമൊട്ടാകെ നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള ധീരമായ നടപടി കൈക്കൊണ്ടിട്ടുണ്ട്. എന്റെ സർക്കാർ, രാജ്യത്താദ്യമായി തൊഴിലാളികൾക്ക് മിനിമം

വേതനം ഉറപ്പാക്കുന്നതിന് ഇ-പേയ്മെന്റ് മുഖേന വേതന സംരക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിയമത്താൽ നിർണ്ണയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് എത്തുന്നുണ്ടോ എന്ന് ഓൺലൈൻ വഴി നിരീക്ഷിക്കാൻ തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇപ്പോൾ കഴിയുന്നുണ്ട്. എന്റെ സർക്കാർ, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള നമ്മുടെ സഹപൗരന്മാരെ സംരക്ഷിക്കുന്നതിലും ഒരു ഉത്തമ മാതൃകയാണ്. അതിനുള്ള ശ്രമമെന്ന നിലയ്ക്ക് ഇതര സംസ്ഥാന തൊഴിലാളികളെയും/പണിക്കാരേയും പാർപ്പിക്കുന്നതിനായി രാത്രി സങ്കേതങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി പരീക്ഷണാർത്ഥം നടപ്പിലാക്കുന്നതിനും കുടിയേറ്റ തൊഴിലാളികൾക്ക് ആദ്യമായി പാലക്കാട്ട് "അപ്നാ ഘർ" എന്ന ഒരു ലേബർ അക്കൊമഡേഷൻ സെന്റർ സമാരംഭിക്കുന്നതുമാണ്. തോട്ടം മേഖലയിലെ വേതനം രണ്ടവസരങ്ങളായി പരിഷ്ക്കരിച്ചിട്ടുള്ളതും ആയത് സംസ്ഥാന ചരിത്രത്തിലെ ഏറ്റവും ഉയർന്ന വർദ്ധനയുമാണ്. കശുവണ്ടി മേഖലയിലെ വേതനവും പരിഷ്കരിച്ചിട്ടുണ്ട്. മോട്ടോർത്തൊഴിലാളികളുടെ ന്യായവേതനവും പരിഷ്കരിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയായ എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതനം പുതുക്കുന്നതിനായി ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. 16 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി കഴിഞ്ഞു. കൂടാതെ അഞ്ചു പുതിയ തൊഴിൽ മേഖലകളെ കൂടി മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

110. എന്റെ സർക്കാർ, രാജ്യത്ത് ഇദംപ്രഥമമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യവസായ തലവൻമാരേയും സുപ്രധാന സർക്കാർ ഉദ്യോഗസ്ഥരേയും നയരൂപ

കർത്താക്കളേയും വിശകലനവിദഗ്ദ്ധരേയും ഒരുമിപ്പിച്ച് അണിനിരത്തുന്ന അഭിമാനകരമായ ഒരു പരിപാടി, 'നൈപുണ്യം ഇന്റർ നാഷണൽ സ്കിൽസ് സമ്മിറ്റ് & സ്കിൽസ് ഫിയസ്റ്റ 2016'' നടത്തുകയാണ്. കേരളത്തിലെ ചെറുപ്പക്കാർക്ക് അവരുടെ പ്രവർത്തനത്തിലും തൊഴിലിലും ഉള്ള നൈപുണ്യങ്ങൾ പ്രദർശിപ്പിക്കുവാനുള്ള ഒരു പ്രവേശന പഥമാണ് സ്കിൽസ് ഫിയസ്റ്റ. തിരുവനന്തപുരത്ത് ചാക്ക ഐ.റ്റി.ഐ.- യിലും കോഴിക്കോട് ഐ.റ്റി.ഐ.-യിലും നിന്നു തുടങ്ങി, വ്യവസായ പരിശീലന കേന്ദ്രങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ വ്യവസായ പരിശീലന വകുപ്പ് ഉദ്ദേശിക്കുന്നു. 'പെർസ്പെക്റ്റീവ് പ്ലാൻ 2030'-ന്റെ ഭാഗമായി നൈപുണ്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട്, വിഭവങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള മത്സരത്തിലും ഉൽപാദനക്ഷമതയിലും അധിഷ്ഠിതമായ വ്യവസായ മേഖലയോടൊപ്പം വൈവിധ്യമാർന്ന വൈജ്ഞാനിക സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. ഈ മഹത്തായ ലക്ഷ്യം കൈവരിയ്ക്കുന്നതിനായി അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാമിനു (ASEP) കീഴിൽ പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (PLEP) എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് രൂപം നല്കി വരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗ സമുദായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 'ആദിസർഗ്ഗ' എന്ന പേരിലുള്ള ഒരു പ്രത്യേക സഹായ പരിപാടി വിഭാവനം ചെയ്തിട്ടുള്ളതും അതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ഒരു എംപ്ലോയബിലിറ്റി കം ഫെസിലിറ്റേഷൻ കേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതുമാണ്.

111. ജനകീയമായ നിരവധി നിയമങ്ങളും ഭേദഗതി കളും എന്റെ സർക്കാർ കൊണ്ടു വന്നിട്ടുണ്ട്.

112. എന്റെ സർക്കാരിന്റെ 100 ദിന വിസ്മയത്തിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 107 പരിപാടികളിൽ 102-ഉം 100 ദിവസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞു. 24 X 7 കാൾ സെന്റർ, വ്യക്തിഗത ആസ്തി വെളിപ്പെടുത്തൽ, വിസിൽ ബ്ലോവർ സിസ്റ്റം, മൂലംമ്പിള്ളി, ചെങ്ങറ സമര ങ്ങളുടെ ഒത്തുതീർപ്പ്, പത്മനാഭസ്വാമി ക്ഷേത്രത്തിന് വർദ്ധി പ്പിച്ച സുരക്ഷ എന്നിവ വിജയകരമായി നടപ്പിലാക്കിയവ യിൽ ചിലത് മാത്രമാണ്.

113. സർക്കാരിന്റെ 100 ദിന വിസ്മയത്തിനെ തുടർന്ന് സപ്തധാര പ്രോജക്റ്റുകൾ നടപ്പിലാക്കി. വികസനവും കരുതലും എന്ന ലക്ഷ്യം നേടുന്നതിന് സപ്ത മാർഗ്ഗങ്ങൾ പ്രഖ്യാപിച്ചു. 2011 നവംബർ 17-ന് സപ്തധാര പ്രോജക്റ്റു കൾ പ്രഖ്യാപിക്കുകയുണ്ടായി. സപ്തധാരയുടെ കീഴിൽ ആകെ 664 പ്രോജക്റ്റുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രോജക്റ്റു കളുടെ 91.71% ഉം നടപ്പിലാക്കിയിട്ടുണ്ട്.

ഓരോ കേരളീയനേയും സേവിക്കുവാനും ഒരു സമൂഹത്തിന് നല്കുവാൻ കഴിയുന്നതിൽ വച്ച് ഏറ്റവും മെച്ചപ്പെട്ട ജീവിത നിലവാരം അനുഭവവേദ്യമാക്കുവാൻ അവരെ പ്രാപ്തരാക്കുവാനും എന്റെ സർക്കാർ കഠിനമായി പ്രയത്നിച്ചിട്ടുണ്ടെന്ന് ഞാൻ, എന്റെ പ്രസംഗം ഉപസംഹരിക്കുന്നതിനു മുമ്പായി, വിനീതമായി അറിയിയ്ക്കു വാൻ ആഗ്രഹിക്കുന്നു. ജനങ്ങളെ സേവിക്കുന്ന ഈ പ്രക്രിയയിൽ എക്കാലത്തേയും ഏറ്റവും സമ്പുഷ്ടവും വില

പ്പെട്ടതുമായ അനുഭവമാണ് നമുക്കുണ്ടായിട്ടുള്ളത്. രാജീവ് ഗാന്ധി ഒരിക്കൽ പറയുകയുണ്ടായി 'ഭാരതം ഒരു പുരാതന രാജ്യമാണ്, എന്നാൽ ഒരു യുവരാഷ്ട്രവുമാണ്. നമ്മൾ അക്ഷമരാണ്; ഞാൻ അക്ഷമനാണ്. ഭാരതത്തെക്കുറിച്ച് എനിക്കുമുണ്ടൊരു സ്വപ്നം - സുശക്ത, സ്വതന്ത്ര, സ്വാശ്രയ ഭാരതം'. ഈ സ്വപ്നവുമായി എന്റെ സർക്കാർ ഉണർന്നിരിക്കുകയാണ്. എന്നാൽ നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി നമുക്ക് കാതങ്ങളേറെ താണ്ടേണ്ടതുണ്ട്. നമ്മുടെ സ്വപ്നം സഫലീകരിക്കുന്നതു വരെ എന്റെ സർക്കാർ വിശ്രമിക്കില്ലെന്ന് മാത്രം പറഞ്ഞു കൊണ്ട് ഞാൻ ഉപസംഹരിയ്ക്കട്ടെ.

ജയ് ഹിന്ദ്

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2016